دروس في تقريب

معاني القرآن الكريم

# ഖുർആൻ

## പഠനത്തിന് ഒരാമുഖം



അബൂ ത്വാരിഖ് സുബൈർ മുഹമ്മദ്

ilmusSalaf
Darul Hadeeth As-Salafiyya,Kerala

### 1.1 ഖുർആനിനെ കുറിച്ച് ഒരു മുസ്ലിം വിശ്വസിക്കേണ്ടത്

القرآن كلام الله منزل غير مخلوق، تكلم الله به حرفا وصوتا منه بدأ وإليه يعود

ഖുർആൻ അല്ലാഹുവിന്റെ വചനമാണ്. അത് അവതരിപ്പിക്കപ്പെട്ടതാണ്, സൃഷ്ടിയല്ല. അല്ലാഹു അത് വചിച്ചിരിക്കുന്നത് ശബ്ദവും ലിപിയുമായിട്ടാണ്. അത് അവനിൽ നിന്നുള്ളതും അവനിലേക്ക് മടങ്ങുന്നതുമാണ്.

### 1.2 ഖുർആൻ മനുഷ്യരാശിക്ക് അനുപേക്ഷ്യം

﴿ قَالَ ٱهْبِطَا مِنْهَا جَمِيعًۢا ۖ بَعْضُكُمْ لِبَعْضٍ عَدُوٌّ ۖ فَإِمَّا يَأْتِيَنَّكُم مِّنِّى هُدًى فَمَنِ ٱتَّبَعَ هُدَاىَ فَلَا يَضِلُّ وَلَا يَشْقَىٰ ﴿١٢٣﴾ وَمَنْ أَعْرَضَ عَن ذِكْرِى فَإِنَّ لَهُۥ مَعِيشَةً ضَنكًا وَنَحْشُرُهُۥ يَوْمَ ٱلْقِيَٰمَةِ أَعْمَىٰ ﴿١٢٤﴾ قَالَ رَبِّ لِمَ حَشَرْتَنِىٓ أَعْمَىٰ وَقَدْ كُنتُ بَصِيرًا ﴿١٢٥﴾ قَالَ كَذَٰلِكَ أَتَتْكَ ءَايَٰتُنَا فَنَسِيتَهَا ۖ وَكَذَٰلِكَ ٱلْيَوْمَ تُنسَىٰ ﴿١٢٦﴾ وَكَذَٰلِكَ نَجْزِى مَنْ أَسْرَفَ وَلَمْ يُؤْمِنۢ بِـَٔايَٰتِ رَبِّهِۦ ۚ وَلَعَذَابُ ٱلْءَاخِرَةِ أَشَدُّ وَأَبْقَىٰٓ ﴿١٢٧﴾ ﴾ طه: ١٢٣ - ١٢٧

*"അവൻ പറഞ്ഞു: നിങ്ങൾ രണ്ടു പേരും ഇവിടെ നിന്ന് ഇറങ്ങിപ്പോവുക. നിങ്ങളിൽ ചിലർ മറ്റു ചിലരുടെ ശത്രുക്കളാണ്. എന്റെ പക്കൽനിന്നുള്ള വല്ല മാർഗ്ഗദർശനവും നിങ്ങൾക്ക് വരികയാണെങ്കിൽ, ആർ എന്റെ മാർഗ്ഗദർശനം പിന്തുടരുന്നുവോ അവൻ പിഴച്ചുപോവുകയില്ല, കഷ്ടപ്പെടുകയുമില്ല. എന്റെ ദിക്റിൽനിന്ന് വല്ലവനും തിരിഞ്ഞുകളഞ്ഞാൽ തീർച്ചയായും അവന് ഇടുങ്ങിയ ജീവിതമാണുണ്ടായിരിക്കുക. അന്ത്യനാളിൽ അവനെ നാം അന്ധനായി ഉയർത്തെഴുന്നേൽപ്പിക്കുകയും ചെയ്യും. അവൻ പറയും: എന്റെ റബ്ബേ എന്തിനാണ് എന്നെ ഉയർത്തെഴുന്നേൽപ്പിച്ചിരിക്കുന്നത്? ഞാൻ കാഴ്ചയുള്ളവനായിരുന്നുവല്ലോ. അവൻ പറയും: അങ്ങനെത്തന്നെ, നിനക്ക് നമ്മുടെ ദൃഷ്ടാന്തങ്ങൾ വന്നെത്തുകയുണ്ടായി. അപ്പോൾ നീ അത് വിസ്മരിച്ചുകളഞ്ഞു. അതുപോലെ ഇന്ന് നീയും വിസ്മരിക്കപ്പെടുകയാണ്".* (ത്വാഹാ 123-127)

﴿ يَٰٓأَهْلَ ٱلْكِتَٰبِ قَدْ جَآءَكُمْ رَسُولُنَا يُبَيِّنُ لَكُمْ كَثِيرًا مِّمَّا كُنتُمْ تُخْفُونَ مِنَ ٱلْكِتَٰبِ وَيَعْفُوا۟ عَن كَثِيرٍ ۚ قَدْ جَآءَكُم مِّنَ ٱللَّهِ نُورٌ وَكِتَٰبٌ مُّبِينٌ ﴿١٥﴾ يَهْدِى بِهِ ٱللَّهُ مَنِ ٱتَّبَعَ رِضْوَٰنَهُۥ سُبُلَ ٱلسَّلَٰمِ وَيُخْرِجُهُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ بِإِذْنِهِۦ وَيَهْدِيهِمْ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿١٦﴾ ﴾

المائدة: ١٥ - ١٦

*"നിങ്ങൾക്കിതാ അല്ലാഹുവിൽ നിന്ന് ഒരു പ്രകാശവും വ്യക്തമാക്കിത്തരുന്ന ഒരു ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു തന്റെ പ്രീതി തേടിയവരെ അതുമുഖേന സമാധാനത്തിന്റെ വഴികളിലേക്ക്*

*നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു.''* (മാഇദ 15-16)

﴿ وَكَذَٰلِكَ أَوْحَيْنَآ إِلَيْكَ رُوحًا مِّنْ أَمْرِنَاۚ مَا كُنتَ تَدْرِى مَا ٱلْكِتَٰبُ وَلَا ٱلْإِيمَٰنُ وَلَٰكِن جَعَلْنَٰهُ نُورًا نَّهْدِى بِهِۦ مَن نَّشَآءُ مِنْ عِبَادِنَاۚ وَإِنَّكَ لَتَهْدِىٓ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٥٢﴾ ﴾ الشورى: ٥٢

*''ഗ്രന്ഥമന്തെന്നോ സത്യവിശ്വാസമെന്തെന്നോ നിനക്ക് അറിയുമായിരുന്നില്ല. അങ്ങനെയിരിക്കെ നിനക്ക് നാം നമ്മുടെ കൽപനയാൽ ചൈതന്യവത്തായ ഒരു സന്ദേശം വഹ്‌യ് നൽകി. അതിനെ നാം ഒരു പ്രകാശമാക്കുകയും ചെയ്തു. അതുമുഖേന നമ്മുടെ ദാസന്മാരിൽനിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴി കാണിക്കുന്നു. തീർച്ചയായും നീ നേരായ മാർഗ്ഗത്തിലേക്കാണ് മാർഗ്ഗദർശനം നൽകുന്നത്.''*(ശൂറാ 52)

﴿ بِٱلْبَيِّنَٰتِ وَٱلزُّبُرِۗ وَأَنزَلْنَآ إِلَيْكَ ٱلذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ ﴿٤٤﴾ ﴾ النحل: ٤٤

*''നിനക്ക് നാം ഈ ദിക്ർ ഇറക്കിത്തന്നിരിക്കുന്നത് ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയുമാകുന്നു.''* (നഹ്ൽ 44)

وحاجة الأمة ماسة إلى فهم القرآن الذي هو حبل الله المتين، والذكر الحكيم، والصراط المستقيم، الذي لا تزيغ به الأهواء، ولا تلتبس به الألسان، ولا يخلق عن كثرة الترديد، ولا تنقضي عجائبه، ولا يشبع منه العلماء، من قال به صدق، ومن عمل به أجر، ومن حكم به عدل، ومن دعا إليه هدى إلى صراط مستقيم، ومن تركه حبار قصمه الله، ومن ابتغى الهدى في غيره أضله الله (مجموع فتاوى ج:١٣ ص: ٣٠٠)

ഖുർആൻ ഗ്രഹിക്കുക എന്നത് മനുഷ്യസമുദായത്തിന് അനുപേക്ഷ്യമാണ്. അത് അല്ലാഹുവിന്റെ സുദൃഢമായ പാശമാണ്. ഹുക്മും ഹിക്മതുമുള്ള ദിക്റാണ്, ഋജുവായ മാർഗ്ഗമാണ്. അതിനെ അവലംബിച്ചാൽ ഇഛകൾ വ്യതിചലിക്കുകയില്ല, നാവുകൾക്ക് പിഴവ് സംഭവിക്കുകയുമില്ല. ആവർത്തനം മൂലം അത് ദ്രവിക്കുന്നില്ല. അതിലെ അത്ഭുതങ്ങൾ തീർന്നുപോവുന്നുമില്ല. പണ്ഡിതന്മാർക്കതിൽ മതിവരില്ല. ഒരാൾ അതനുസരിച്ച് സംസാരിച്ചാൽ അത് സത്യമായിരിക്കും, അതനുസരിച്ച് പ്രവർത്തിച്ചാൽ പ്രതിഫലം ലഭിക്കും, അതനുസരിച്ച് വിധിച്ചാൽ അത് നീതിപൂർവ്വകമായിരിക്കും. ആരെങ്കിലും അതിലേക്ക് ക്ഷണിച്ചാൽ അവൻ നേർവഴിയിലേക്ക് നയിക്കപ്പെടും. ഏതൊരു അഹങ്കാരി അതുപേക്ഷിച്ചാലും അല്ലാഹു അവനെ തകർക്കും. അതല്ലാത്ത മറ്റൊന്നിൽ ആർ സന്മാർഗ്ഗം തേടിയാലും അല്ലാഹു അവനെ പിഴപ്പിക്കും.

### 1.3 ഖുർആനിന്റെ പദങ്ങളും ആശയങ്ങളും അല്ലാഹു പഠിപ്പിച്ചത്

﴿ لَا تُحَرِّكْ بِهِۦ لِسَانَكَ لِتَعْجَلَ بِهِۦٓ ﴿١٦﴾ إِنَّ عَلَيْنَا جَمْعَهُۥ وَقُرْءَانَهُۥ ﴿١٧﴾ فَإِذَا قَرَأْنَٰهُ فَٱتَّبِعْ قُرْءَانَهُۥ ﴿١٨﴾ ثُمَّ إِنَّ عَلَيْنَا بَيَانَهُۥ ﴿١٩﴾ ﴾

القيامة: ١٦ - ١٩

*"നീ അത് ഹൃദിസ്ഥമാക്കാൻ വേണ്ടി നിന്റെ നാവു ചലിപ്പിച്ച് ധൃതികാണിക്കേണ്ടതില്ല. തീർച്ചയായും അതിന്റെ സമാഹരണവും അത് ഓതിത്തരലും നാമാണ് ചെയ്യേണ്ടത്. അങ്ങനെ നാം ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക. പിന്നീട് അത് വിവരിച്ചു തരേണ്ടതും നാം തന്നെയാകുന്നു."* (ഖിയാമ 16-19)

﴿ فَتَعَٰلَى ٱللَّهُ ٱلْمَلِكُ ٱلْحَقُّ ۗ وَلَا تَعْجَلْ بِٱلْقُرْءَانِ مِن قَبْلِ أَن يُقْضَىٰٓ إِلَيْكَ وَحْيُهُۥ ۖ وَقُل رَّبِّ زِدْنِى عِلْمًا ﴿١١٤﴾ ﴾ طه: ١١٤

*"നിനക്ക് വഹ്‌യ് നൽകുമ്പോൾ അത് തീരുന്നതിനു മുമ്പായി ഖുർആൻ കൊണ്ട് നീ ധൃതി കാണിക്കേണ്ടതില്ല. എന്റെ റബ്ബേ, എനിക്ക് നീ വിജ്ഞാനം വർദ്ധിപ്പിക്കേണമേ എന്ന് നീ പ്രാർത്ഥിക്കുക."* (ത്വാഹാ 114)

### 1.4 ഖുർആൻ ജനങ്ങൾക്ക് എത്തിക്കേണ്ട ബാധ്യത നബി ﷺ യുടെത്

﴿ مَّا عَلَى ٱلرَّسُولِ إِلَّا ٱلْبَلَٰغُ ۗ وَٱللَّهُ يَعْلَمُ مَا تُبْدُونَ وَمَا تَكْتُمُونَ ﴿٩٩﴾ ﴾ المائدة: ٩٩

*"റസൂലിന്റെമേൽ പ്രബോധനബാധ്യത മാത്രമേയുള്ളു. നിങ്ങൾ വെളിപ്പെടുത്തുന്നതും ഒളിച്ചുവെക്കുന്നതുമെല്ലാം അല്ലാഹു അറിയുന്നു."* (മാഇദ 99)

### 1.5 മനുഷ്യരാശിയുടെ ബാധ്യത വഹ്‌യിനുള്ള പൂർണ്ണ വിധേയത്വം

﴿ فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا۟ فِىٓ أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا۟ تَسْلِيمًا ﴿٦٥﴾ ﴾ النساء: ٦٥

*"ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം. അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധിച്ചാൽ പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അതിനു പൂർണ്ണവിധേയരാവുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല."* (നിസാഅ് 65)

### 1.6 ഖുർആൻ ഗ്രഹിക്കുകയും ചിന്തിക്കുകയും ചെയ്താലല്ലാതെ വഹ്‌യിന് പൂർണ്ണമായി കീഴ്പ്പെടുക സാധ്യമല്ല

﴿ كِتَٰبٌ أَنزَلْنَٰهُ إِلَيْكَ مُبَٰرَكٌ لِّيَدَّبَّرُوٓا۟ ءَايَٰتِهِۦ وَلِيَتَذَكَّرَ أُو۟لُوا۟ ٱلْأَلْبَٰبِ ﴿٢٩﴾ ﴾ ص: ٢٩

*"നിനക്കു നാം അവതരിപ്പിച്ചുതന്ന അനുഗൃഹീതമായ ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചുനോക്കുന്നതിനും ബുദ്ധിമാന്മാർ ഉദ്ബോധനം ഉൾക്കൊള്ളുന്നതിനും വേണ്ടി."* (സ്വാദ് 29)

﴿ أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ ۚ وَلَوْ كَانَ مِنْ عِندِ غَيْرِ ٱللَّهِ لَوَجَدُوا۟ فِيهِ ٱخْتِلَٰفًا كَثِيرًا ﴿٨٢﴾ ﴾ النساء: ٨٢

*"അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെപക്കൽ നിന്നുള്ളതായിരുന്നുവെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു."* (നിസാഅ് 82)

﴿ إِنَّا جَعَلْنَٰهُ قُرْءَٰنًا عَرَبِيًّا لَّعَلَّكُمْ تَعْقِلُونَ ﴿٣﴾ ﴾ الزخرف: ٣

*"നിങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി അതിനെ നാം അറബി ഭാഷയിൽ വായിക്കപ്പെടാവുന്ന ഒരു ഗ്രന്ഥമാക്കിയിരിക്കുന്നു."* (സുഖ്റുഫ് 3)

﴿ إِنَّآ أَنزَلْنَٰهُ قُرْءَٰنًا عَرَبِيًّا لَّعَلَّكُمْ تَعْقِلُونَ ﴿٢﴾ ﴾ يوسف: ٢

*"നിങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി അതിനെ നാം അറബി ഭാഷയിൽ വായിക്കപ്പെടാവുന്ന ഒരു ഗ്രന്ഥമാക്കി ഇറക്കിയിരിക്കുന്നു."* (യൂസുഫ് 2)

﴿ أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ أَمْ عَلَىٰ قُلُوبٍ أَقْفَالُهَآ ﴿٢٤﴾ ﴾ محمد: ٢٤

*"അപ്പോൾ അവർ ഖുർആൻ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിന്മേൽ പൂട്ടുകളിട്ടിരിക്കുകയാണോ?"* (മുഹമ്മദ് 24)

﴿ أَفَلَمْ يَدَّبَّرُوا۟ ٱلْقَوْلَ أَمْ جَآءَهُم مَّا لَمْ يَأْتِ ءَابَآءَهُمُ ٱلْأَوَّلِينَ ﴿٦٨﴾ ﴾ المؤمنون: ٦٨

*"ഈ വചനത്തെപ്പറ്റി അവർ ചിന്തിക്കുന്നില്ലേ? അതല്ല, അവരുടെ പൂർവ്വപിതാക്കൾക്ക് വന്നിട്ടില്ലാത്ത ഒരു കാര്യമാണോ അവർക്ക് വുന്നകിട്ടിയിരിക്കുന്നത്?"* (അൽ മുഅ്മിനൂൻ 68)

### 2.1 തഫ്സീർ ഖുർആനികാശയങ്ങൾ ഗ്രഹിക്കാൻ

التفسير والتأويل واحد، أو هو كشف المراد عن المشكل، والتأويل رد أحد المحتملين إلى ما يطابق الظاهر (القاموس المحيط، ص ٥٨٧)

തഫ്സീറും തഅ്വീലും ഒന്നുതന്നെ. അഥവാ സംശയാസ്പദമായ പരാമർശങ്ങൾ വിവക്ഷ വ്യക്തമാക്കുക എന്നതാണത്. തഅ്വീൽ രണ്ടു സാധ്യതകളിൽ പ്രത്യക്ഷമായതിനോട് യോജിക്കുന്നത് സ്ഥിരീകരിക്കലാണ്.

## 2.2 തഫ്സീർ ഖുർആനിന്റെ കൃത്യമായ പുനരാവിഷ്കരണമല്ല മറിച്ച്, ഖുർആനികാശയങ്ങളെ അനുവാചകരിലേക്ക് അടുപ്പിക്കാനുള്ള മാർഗ്ഗമാണ്

التفسير هو التعبير بألفاظ متقاربة، الترادف في اللغة العربية قليل، أما في ألفظ القرآن إما نادر أو معدوم، وقل أن يعبر عن لفظ واحد بلفظ آخر يؤدي جميع معناه، بل يكون فيه تقريب لمعناه، مثلا : ﴿ يَوْمَ تَمُورُ ٱلسَّمَآءُ مَوْرًا ۝٩ ﴾ الطور: ٩ المور هو الحركة، بل حركة خفيفة سريعة، وكذا الوحي هو الإعلام، ولكن إعلام سريع خفي، ﴿ لَا رَيْبَ فِيهِ ﴾ البقرة: ٢ معناه لا شك ، ولكن مع الاضطراب، كلة تقريب لا تحقيق وجمع عبارات السلف في مثل هذا نافع جدا، فإن مجموع عباراتهم أدل على المقصود من عبارة أو عبارتين (أنظر لزام مجموع فتاوى شيخ الإسلام ابن تيمية ج : ٣ ص : ١٩٣)

ആശയപരമായി അടുത്തുനിൽക്കുന്ന പദങ്ങളുപയോഗിച്ച് വിശദീകരിക്കലാണ് തഫ്സീർ, കൃത്യമായ പര്യായങ്ങൾ അറബിയിൽ കുറവാണ്. ഖുർആനിക പദങ്ങളിൽ അത് വളരെ വിരളം. അല്ലെങ്കിൽ തീരെയില്ല. ഒരു പദമുൾക്കൊള്ളുന്ന എല്ലാ ആശയങ്ങളും മറ്റൊരു പദം കൊണ്ട് ആവിഷ്കരിക്കുക എന്നത് വളരെ കുറവാണ്. മറിച്ച്, അതിലെ ആശയങ്ങളെ അടുപ്പിക്കാനാകും. ഉദാഹരണമായി സുറതുത്ത്വൂർ 9ാം വചനത്തിലെ مور എന്നതിന്റെ അർത്ഥം ചലനം എന്നാണ്. യഥാർത്ഥത്തിൽ അതിശീഘ്രവും ഗംഭീരവുമായ ചലനമാണത്. അതുപോലെ, وحي എന്നാൽ അറിയിക്കുക എന്നർത്ഥം. യഥാർത്ഥത്തിൽ അതിവേഗം ഗോപ്യമായ നിലയിൽ നൽകുന്ന അറിയിപ്പാണത്. ريب എന്നാൽ സംശയമെന്നർത്ഥം. വാസ്തവത്തിൽ ചാഞ്ചല്യത്തോടെയുള്ള സന്ദേഹമെന്നാണത്. അതേ ആശയങ്ങൾ കൃത്യമായി ദ്യോതിപ്പിക്കുന്ന പദങ്ങൾ വേറെയില്ല. അതിനാൽ ഏതാണ്ടൊരാശയത്തിലേക്ക് അനുവാചകരെ അടുപ്പിക്കാനല്ലാതെ കൃത്യമായ ആവിഷ്കരണം സാധ്യമല്ല. ഇതുപോലുള്ള വിഷയങ്ങളിൽ സലഫുകൾ പറഞ്ഞ എല്ലാ വാക്യങ്ങളും ശേഖരിക്കുന്നത് പ്രയോജനപ്രദമായിരിക്കും. കാരണം, അവരുടെ ഒന്നോ രണ്ടോ വാക്യങ്ങളെ അപേക്ഷിച്ച്, മൊത്തം വചനങ്ങൾക്ക് ഉദ്ദിഷ്ട ആശയം വ്യക്തമാക്കിത്തരാൻ സാധിക്കും.

## 2.3 ഖുർആൻ വ്യാഖ്യാനത്തിലെ വിവിധ ഇനങ്ങൾ

قال ابن عباس : التفسير على أربعة أوجه :  وجه تعرفه العرب من كلامها، وتفسير لا يعذر أحد بجهالته، وتفسير يعلمه العلماء، وتفسير لا يعلمه إلا الله (ابن كثير)

ഇബ്നു അബ്ബാസ് رَضِيَ ٱللَّهُ عَنْهُ പറഞ്ഞു: തഫ്സീർ നാലുവിധമാണ്. ഒന്ന്: അറബികൾക്ക് അവരുടെ ഭാഷയിൽ നിന്ന് ഗ്രഹിക്കാവുന്നത്. രണ്ട്: ഏതൊരാളും അനിവാര്യമായും അറിഞ്ഞിരിക്കേണ്ടത്. മൂന്ന്: പണ്ഡിതന്മാർക്ക് അറിയാവുന്നത്. നാല്: അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയാൻ കഴിയാത്തത്.

## 2.4 അവതരണ കാരണങ്ങളും പശ്ചാത്തലങ്ങളും

കാരണത്തെ കുറിച്ചുള്ള അറിവ് കാര്യത്തെ കുറിച്ച് അവബോധമേകുന്നു. العلم بالسبب يورث العلم بالمسبب

لما يقولون إن آية الظهار نزلت في امرأة أوس بن الصامت، وآية اللعان نزلت في عويمر العجلاني أو هلال بن أمية، وآية الكلالة نزلت في جابر بن عبد الله، ولم يقصدوا أن حكم الآية مختص بأولئك الأعيان دون غيرهم، الأمر والنهي متناولة لذلك الشخص ولغيره ممن كان بمنزلته، وإذا قيل نزلت هذه الآية في كذا ؛ يراد به أنه سبب النزول، وتارة أن ذلك داخلة في الآية، وإذا ذكر أحدهم سببا، والآخر سببا آخر قد يمكن صدقهما بأن تكون نزلت عقب تلك الأسباب، أو تكون نزلت مرتين ؛ مرة لهذا السبب و مرة لهذا السبب (انظر لزاما مجموع فتاوى شيخ الإسلام ابن تيمية ج: ٣ ص: ١٩٢ )

ളിഹാറിന്റെ സൂക്തം ഔസ് ഇബ്നു സ്വാമിതിന്റെ ഭാര്യയുടെ കാര്യത്തിലാണ് ഇറങ്ങിയത്, ലിആനിന്റെ സൂക്തം ഉവൈമീറുൽ അജലാനിയുടെയോ ഹിലാൽ ഇബ്നു ഉമയ്യയുടെയോ കാര്യത്തിലാണ് ഇറങ്ങിയത്, കലാലത്തിന്റെ ആയത്ത് ജാബിർ ഇബ്നു അബ്ദില്ലയുടെ കാര്യത്തിലാണ് ഇറങ്ങിയത് എന്നൊക്കെ അവർ പറയുമ്പോൾ അതുകൊണ്ട് അർത്ഥമാക്കുന്നത് ആ വചനത്തിലെ വിധി പരാമൃഷ്ട വ്യക്തികൾക്കു മാത്രമാണെന്നല്ല. മറിച്ച്, അവയിലുള്ള വിധിവിലക്കുകൾ ആ വ്യക്തികൾക്കും അവരുടെ അതേ സ്ഥാനത്തുള്ള മറ്റാളുകൾക്കും ഒരേപോലെ ബാധകമാണെന്നാണ്. ഈ സൂക്തം അവതരിച്ചിരിക്കുന്നത് ഇത്തരമൊരു കാര്യത്തിലാണെന്ന് പറഞ്ഞാൽ അതുകൊണ്ട് ചിലപ്പോൾ അവർ അർത്ഥമാക്കുക അതാണ് പ്രസ്തുത വചനത്തിന്റെ അവതരണത്തിനുള്ള കാരണം എന്നു മാത്രമാണ്. ചിലപ്പോൾ പ്രസ്തുത കാര്യം ആ സൂക്തത്തന്റെ ഉള്ളടക്കത്തിലുണ്ടെന്നുമായിരിക്കാം. ഒരാൾ ഒരു കാരണവും മറ്റൊരാൾ വേറൊരു കാരണവും പറഞ്ഞാൽ രണ്ടും ഒരു പോലെ ശരിയായിരിക്കാം. അഥവാ ആ രണ്ടു കാരണങ്ങളും സംഭവിച്ചതിനു ശേഷമാണ് ആ സൂക്തം ഇറങ്ങിയിരിക്കുക. അല്ലെങ്കിൽ ഒരു സംഭവത്തിനു ശേഷം ആ സൂക്തം അവതരിച്ചു. അതേ സൂക്തം തന്നെ രണ്ടാമത്തെ സംഭവത്തിനു ശേഷം വീണ്ടും അവതരിച്ചു എന്നുമായിരിക്കാം.

العبرة بعموم اللفظ ، لا بخصوص السبب، إلا إذا دل دليل على تخصيص الحكم بتلك الحادثة

ഒരു വിധി ഒരു സംഭവത്തിനു മാത്രമെ ബാധകമാവുകയുള്ളു എന്നറിയിക്കുന്ന ഒരു തെളിവുമില്ലാത്തിടത്തോളം പദത്തിന്റെ വ്യാപകത്വമാണ് പരിഗണിക്കുക. അല്ലാതെ കാരണത്തിന്റെ സവിശേഷകത്വത്തെയല്ല.

## 2.5 നാസിഖ് മൻസൂഖിന്റെ പ്രാധാന്യം

ഖുർആൻ വ്യാഖ്യാന രംഗത്തെ സങ്കീർണ്ണവും പ്രയാസകരവുമായ ഒരു വിഷയമാണ് ആദ്യവിധിയെ ദുർബ്ബലപ്പെടുത്തിയ അവസാന വിധി അഥവാ 'നാസിഖ്' ഏതെന്നും അസാധുവാക്കപ്പെട്ട ആദ്യവിധി അഥവാ 'മൻസൂഖ്' ഏതെന്നും നിർണ്ണയിക്കുക എന്നുള്ളത്. പണ്ഡിതന്മാർക്കിടയിൽ ധാരാളം വീക്ഷണവ്യത്യാസങ്ങളുള്ള ഒരു മേഖലയാണിത്.

## 2.6 നസ്ഖ്: ആധുനികരുടെയും പൗരാണികരുടെയും വീക്ഷണത്തിൽ

والذي يتضح لنا باستقراء كلام الصحابة والتابعين رضي الله عنهم أجمعين في هذا الموضوع أنهم كانوا يستعملون النسخ بمعناه اللغوي المعروف الذي هو إزالة شيء لا بمعنى مصلطح الأصوليين الخاص (الفوز الكبير في أصول التفسير لشاه ولي الله الدهلوي)

സ്വഹാബികളുടെയും താബിഉകളുടെയും വചനങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയതിൽ നിന്നും നമുക്ക് വ്യക്തമായത് നസ്ഖ് എന്ന പദം 'നീക്കം ചെയ്യുക' എന്ന ഭാഷാർത്ഥത്തിലാണ് അവർ പ്രയോഗിച്ചിരുന്നത് എന്നാണ്. അല്ലാതെ, നിദാനശാസ്ത്ര പണ്ഡിതന്മാരുടെ സാങ്കേതികാർത്ഥത്തിലായിരുന്നല്ല.
ഒരു സൂക്തത്തിലെ ഏതെങ്കിലുമൊരു വിശേഷണം ഒഴിവാക്കുക, ബാഹ്യാർത്ഥത്തിൽ നിന്ന് മറ്റൊന്നിലേക്ക് തിരിക്കുക, പുതിയ ഒരു ഉപാധി നിശ്ചയിക്കുക മുതലായ കാര്യങ്ങളാണ് അവർ നസ്ഖ് എന്നതുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. തദടിസ്ഥാനത്തിലാണ് ഇരുപത് മുതൽ അഞ്ഞൂറു വരെ സൂക്തങ്ങൾ നസ്ഖ് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളതും. നാസിഖ് മൻസൂഖുകൾക്ക് ചില ഉദാഹരണങ്ങൽ കാണുക.

﴿ وَإِن تُبْدُوا۟ مَا فِىٓ أَنفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُم بِهِ ٱللَّهُ ۖ فَيَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۗ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٨٤﴾ ﴾ البقرة: ٢٨٤

"*നിങ്ങളുടെ മനസ്സുകളിലുള്ളത് നിങ്ങൾ വെളിപ്പെടുത്തിയാലും മറച്ചുവെച്ചാലും അല്ലാഹു അതിന്റെ പേരിൽ നിങ്ങളോട് കണക്ക് ചോദിക്കുക തന്നെ ചെയ്യും. എന്നിട്ട് അവനുദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കുകയും അവനുദ്ദേശിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു.*" (അൽ ബഖറ 284)

﴿ لَا يُكَلِّفُ ٱللَّهُ نَفْسًا إِلَّا وُسْعَهَا ۚ لَهَا مَا كَسَبَتْ وَعَلَيْهَا مَا ٱكْتَسَبَتْ ۗ رَبَّنَا لَا تُؤَاخِذْنَآ إِن نَّسِينَآ أَوْ أَخْطَأْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَآ إِصْرًا كَمَا حَمَلْتَهُۥ عَلَى ٱلَّذِينَ مِن قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِۦ ۖ وَٱعْفُ عَنَّا وَٱغْفِرْ لَنَا وَٱرْحَمْنَآ ۚ أَنتَ مَوْلَىٰنَا فَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴿٢٨٦﴾ ﴾ البقرة: ٢٨٦

"*അല്ലാഹു ഒരാളുടെമേലും തന്റെ കഴിവിൽപെട്ടതല്ലാതെ ചുമത്തുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ സദ്ഫലം അവരവർക്കു തന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവർക്കു തന്നെ. ഞങ്ങളുടെ റബ്ബേ, ഞങ്ങൾ മറന്നു പോകുകയോ ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ റബ്ബേ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക്*

*കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പികരുതേ. ഞങ്ങൾക്ക് നീ മാപ്പ് നൽകുകയും ഞങ്ങളോട് പൊറുക്കുകയും കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കേണമേ.*" (അൽ ബഖറ 286)

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا نَٰجَيۡتُمُ ٱلرَّسُولَ فَقَدِّمُواْ بَيۡنَ يَدَيۡ نَجۡوَىٰكُمۡ صَدَقَةٗۚ ذَٰلِكَ خَيۡرٞ لَّكُمۡ وَأَطۡهَرُۚ فَإِن لَّمۡ تَجِدُواْ فَإِنَّ ٱللَّهَ غَفُورٞ رَّحِيمٌ ١٢ ﴾ المجادلة: ١٢

"*സത്യവിശ്വാസികളേ, നിങ്ങൾ റസൂലുമായി രഹസ്യസംഭാഷണം നടത്തുകയാണെങ്കിൽ നിങ്ങളുടെ രഹസ്യ സംഭാഷണത്തിന്റെ മുമ്പായി ഏതെങ്കിലുമൊരു ഉപഹാരം നിങ്ങൾ സമർപ്പിക്കുക. അതാണ് നിങ്ങൾക്ക് ഉത്തമവും കൂടുതൽ പരിശുദ്ധവുമായിട്ടുള്ളത്. ഇനി നിങ്ങൾക്ക് ഒന്നും കിട്ടിയില്ലെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.*" (മുജാദില 12)

﴿ ءَأَشۡفَقۡتُمۡ أَن تُقَدِّمُواْ بَيۡنَ يَدَيۡ نَجۡوَىٰكُمۡ صَدَقَٰتٖۚ فَإِذۡ لَمۡ تَفۡعَلُواْ وَتَابَ ٱللَّهُ عَلَيۡكُمۡ فَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ وَأَطِيعُواْ ٱللَّهَ وَرَسُولَهُۥۚ وَٱللَّهُ خَبِيرُۢ بِمَا تَعۡمَلُونَ ١٣ ﴾ المجادلة: ١٣

"*നിങ്ങളുടെ രഹസ്യ സംഭാഷണത്തിനു മുമ്പായി ഉപഹാരമർപ്പിക്കുന്നതിനെപ്പറ്റി നിങ്ങൾ ആശങ്കപ്പെട്ടിരിക്കുകയാണോ? എന്നാൽ നിങ്ങളത് ചെയ്യാതിരുന്നതിൽ അല്ലാഹു നിങ്ങളുടെ മേൽ മടങ്ങിയിരിക്കുന്നു. ആയതിനാൽ നിങ്ങൾ നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.*" (മുജാദില 13)

### 2.7 ഏറ്റവും ശരിയായ ഖുർആൻ വ്യാഖ്യാന രീതികൾ

فإن قال قائل؛ فما أحسن طرق التفسير؟ فالجواب : إن أصح الطرق في ذلك أن يفسر القرآن بالقرآن ، فما جاء أجمل في أجمل في مكان فإنه قد فسر في موضع آخر ، و ما اختصر من مكان فقد بسط في موضع آخر (مجموع فتاوى شيخ الإسلام ابن تيمية)

ഖുർആൻ വ്യാഖ്യാനിക്കാനുള്ള ഏറ്റവും ശരിയായ രീതികളേതാണെന്ന് ചോദിച്ചാൽ അതിനുള്ള മറുപടി ഇതാണ്: ഏറ്റവും ശരിയായ മാർഗ്ഗം ഖുർആനിനെ ഖുർആൻ കൊണ്ടു തന്നെ വ്യാഖ്യാനിക്കലാണ്. ഒരിടത്ത് സംക്ഷിപ്തമായി പറഞ്ഞത് മറ്റൊരിടത്ത് വിശദീകരിക്കപ്പെട്ടിരിക്കും. ഒരിടത്ത് ചുരുക്കിപ്പറഞ്ഞത് മറ്റൊരിടത്ത് വിശദമാക്കപ്പെട്ടിരിക്കും.

### 2.7.1 ഖുആനിനെ ഖുർആൻ കൊണ്ട് വ്യാഖ്യാനിക്കൽ

ഖുർആനിക സൂക്തങ്ങൾ പരസ്പരം വ്യാഖ്യാനിക്കുന്നവയാണ്. القرآن يفسر بعضه بعضا

#### 2.7.1.1 സാമാന്യം, സവിശേഷം

﴿ وَٱلْمُطَلَّقَٰتُ يَتَرَبَّصْنَ بِأَنفُسِهِنَّ ثَلَٰثَةَ قُرُوٓءٍ ۚ وَلَا يَحِلُّ لَهُنَّ أَن يَكْتُمْنَ مَا خَلَقَ ٱللَّهُ فِىٓ أَرْحَامِهِنَّ إِن كُنَّ يُؤْمِنَّ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ ۚ وَبُعُولَتُهُنَّ أَحَقُّ بِرَدِّهِنَّ فِى ذَٰلِكَ إِنْ أَرَادُوٓا۟ إِصْلَٰحًا ۚ وَلَهُنَّ مِثْلُ ٱلَّذِى عَلَيْهِنَّ بِٱلْمَعْرُوفِ ۚ وَلِلرِّجَالِ عَلَيْهِنَّ دَرَجَةٌ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٢٢٨﴾ ﴾ البقرة: ٢٢٨

"*വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ മൂന്ന് മാസമുറകൾ കഴിയുന്നതുവരെ സ്വന്തമായി കാത്തിരിക്കട്ടെ. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ തങ്ങളുടെ ഗർഭാശങ്ങളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ അവർക്ക് ഒളിച്ചുവെക്കാൻ പാടുള്ളതല്ല. അവരുടെ ഭർത്താക്കന്മാർ, അവരുടെ നിലപാട് നന്നാക്കിത്തീർക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ, അവരാണ് അതിനകം അവരെ തിരിച്ചെടുക്കാൻ ഏറ്റവും അർഹതപ്പെട്ടവർ. സ്ത്രീകൾക്ക് ബാധ്യതകളുള്ളതുപോലെ തന്നെ ന്യായപ്രകാരമുള്ള അവകാശങ്ങളുമുണ്ട്. എന്നാൽ പുരുഷന്മാർക്ക് അവരെക്കാളുപരി ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു.*" (അൽ ബഖറ 228)

﴿ وَأُو۟لَٰتُ ٱلْأَحْمَالِ أَجَلُهُنَّ أَن يَضَعْنَ حَمْلَهُنَّ ۚ وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مِنْ أَمْرِهِۦ يُسْرًا ﴿٤﴾ ﴾ الطلاق: ٤

"*ഗർഭിണികളായ സ്ത്രീകളുടെ അവധി അവർ പ്രസവിക്കുന്നതുവരെയാകുന്നു. ആർ അല്ലാഹുവിനെ സൂക്ഷിക്കുന്നുവോ അവന്ന് തന്റെ കാര്യത്തിൽ അല്ലാഹു എളുപ്പം ഉണ്ടാക്കികൊടുക്കും*" (ത്വലാഖ് 4)

#### 2.7.1.2 സോപാധികം, നിരുപാധികം

﴿ إِنَّمَا حَرَّمَ عَلَيْكُمُ ٱلْمَيْتَةَ وَٱلدَّمَ وَلَحْمَ ٱلْخِنزِيرِ وَمَآ أُهِلَّ بِهِۦ لِغَيْرِ ٱللَّهِ ۖ فَمَنِ ٱضْطُرَّ غَيْرَ بَاغٍ وَلَا عَادٍ فَلَآ إِثْمَ عَلَيْهِ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٧٣﴾ ﴾ البقرة: ١٧٣

"*ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്കായി പ്രഖ്യാപിക്കപ്പെട്ടത് എന്നിവ മാത്രമേ അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളു. ഇനി, ആരെങ്കിലും അതിനു നിർബ്ബന്ധിതനായാൽ അവന്റെ മേൽ കുറ്റമില്ല. എന്നാൽ, അവൻ നിയമം ലംഘിക്കാതിരിക്കുകയും പരിധി കവിയാതിരിക്കുകയും വേണം. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കാരുണാനിധിയുമാകുന്നു.*" (അൽ ബഖറ 174)

﴿ قُل لَّآ أَجِدُ فِي مَآ أُوحِيَ إِلَيَّ مُحَرَّمًا عَلَىٰ طَاعِمٍ يَطْعَمُهُۥٓ إِلَّآ أَن يَكُونَ مَيْتَةً أَوْ دَمًا مَّسْفُوحًا أَوْ لَحْمَ خِنزِيرٍ فَإِنَّهُۥ

رِجْسٌ أَوْ فِسْقًا أُهِلَّ لِغَيْرِ ٱللَّهِ بِهِۦ ۚ فَمَنِ ٱضْطُرَّ غَيْرَ بَاغٍ وَلَا عَادٍ فَإِنَّ رَبَّكَ غَفُورٌ رَّحِيمٌ ﴿١٤٥﴾ ﴾ الأنعام: ١٤٥

*"പറയുക: എനിക്ക് ബോധനം നൽകപ്പെട്ടിട്ടുള്ളതിൽ ഒരു ഭക്ഷിക്കുന്നവന്ന് ഭക്ഷിക്കുവാൻ പാടില്ലാത്തതായി യാതൊന്നും ഞാൻ കാണുന്നില്ല; അത് ശവമോ ഒഴുക്കപ്പെട്ട രക്തമോ പന്നി മാംസമോ ആണെങ്കിലല്ലാതെ. കാരണം അത് മ്ലേഛമത്രെ. അല്ലെങ്കിൽ അല്ലാഹുവല്ലാത്തവരുടെ പേരിൽ പ്രഖ്യാപക്കപ്പെട്ടതിനാൽ അധാർമ്മികമായിത്തീർന്നിട്ടുള്ളതുമല്ലാതെ. എന്നാൽ വല്ലവനും അതിനു നിർബ്ബന്ധിതനാകുന്ന പക്ഷം അവർ നിയമലംഘനം നടത്താത്തവനും പരിധി വിട്ടുപോകാത്തവനുമാണെങ്കിൽ നിന്റെ റബ്ബ് തീർച്ചയായും ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു."* (അൻആം 145)

#### 2.7.1.3 സംക്ഷേപം, വിശദാംശം

﴿ ٱلَّذِينَ يَتَّبِعُونَ ٱلرَّسُولَ ٱلنَّبِيَّ ٱلْأُمِّيَّ ٱلَّذِي يَجِدُونَهُۥ مَكْتُوبًا عِندَهُمْ فِي ٱلتَّوْرَىٰةِ وَٱلْإِنجِيلِ يَأْمُرُهُم بِٱلْمَعْرُوفِ

وَيَنْهَىٰهُمْ عَنِ ٱلْمُنكَرِ وَيُحِلُّ لَهُمُ ٱلطَّيِّبَٰتِ وَيُحَرِّمُ عَلَيْهِمُ ٱلْخَبَٰٓئِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَٱلْأَغْلَٰلَ ٱلَّتِي كَانَتْ

عَلَيْهِمْ ۚ فَٱلَّذِينَ ءَامَنُوا۟ بِهِۦ وَعَزَّرُوهُ وَنَصَرُوهُ وَٱتَّبَعُوا۟ ٱلنُّورَ ٱلَّذِيٓ أُنزِلَ مَعَهُۥٓ ۙ أُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿١٥٧﴾ ﴾ الأعراف:

١٥٧

*"തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ റസൂലിനെ പിൻപറ്റുന്നവർ. അവരോട് അദ്ദേഹം സദാചാരം കൽപിക്കുന്നു. ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെമേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ അവർ തന്നെയാണ് വിജയികൾ."* (അഅ്റാഫ് 157)

﴿ حُرِّمَتْ عَلَيْكُمُ ٱلْمَيْتَةُ وَٱلدَّمُ وَلَحْمُ ٱلْخِنزِيرِ وَمَآ أُهِلَّ لِغَيْرِ ٱللَّهِ بِهِۦ وَٱلْمُنْخَنِقَةُ وَٱلْمَوْقُوذَةُ وَٱلْمُتَرَدِّيَةُ وَٱلنَّطِيحَةُ وَمَآ أَكَلَ ٱلسَّبُعُ

إِلَّا مَا ذَكَّيْتُمْ وَمَا ذُبِحَ عَلَى ٱلنُّصُبِ وَأَن تَسْتَقْسِمُوا۟ بِٱلْأَزْلَٰمِ ۚ ذَٰلِكُمْ فِسْقٌ ﴾ المائدة: ٣

*"ശവം, രക്തം പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസംമുട്ടി ചത്തത്, അടിച്ചു കൊന്നത്, വീണുചത്തത്, കുത്തേറ്റുചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ*

*നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ നിങ്ങൾക്ക് ജീവനോടെ കിട്ടി അറുക്കാൻ സാധിച്ചത് ഇതിൽ നിന്ന് ഒഴിവാണ് പ്രതിഷ്ഠകൾക്ക് മുമ്പിൽ ബലിയർപ്പിച്ചതും അമ്പുകളുപയോഗിച്ച് ഭാഗ്യം നോക്കലുമൊക്കെ അധർമ്മമാകുന്നു.*'' (മാഇദ 3)

### 2.7.2 ഖുർആനിനെ സുന്നത്തുകൊണ്ട് വ്യാഖ്യാനിക്കൽ

فإن أعياك ذلك فعليك بالسنة ، فإنها شارحة للقرآن وموضحة له، بل قد قال الإمام أبو عبد الله محمد بن إدريس الشافعي: كل ما حكم به رسول الله صلى الله عليه وسلم فهو مما فهمه من القرآن ، قال الله تعالى ﴿ إِنَّآ أَنزَلۡنَآ إِلَيۡكَ ٱلۡكِتَٰبَ بِٱلۡحَقِّ لِتَحۡكُمَ بَيۡنَ ٱلنَّاسِ بِمَآ أَرَىٰكَ ٱللَّهُۚ وَلَا تَكُن لِّلۡخَآئِنِينَ خَصِيمٗا ﴿١٠٥﴾ ﴾ النساء: ١٠٥ وقال تعالى ﴿ وَأَنزَلۡنَآ إِلَيۡكَ ٱلذِّكۡرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيۡهِمۡ وَلَعَلَّهُمۡ يَتَفَكَّرُونَ ﴿٤٤﴾ ﴾ النحل: ٤٤ وقال تعالى ﴿ وَمَآ أَنزَلۡنَا عَلَيۡكَ ٱلۡكِتَٰبَ إِلَّا لِتُبَيِّنَ لَهُمُ ٱلَّذِي ٱخۡتَلَفُواْ فِيهِ وَهُدٗى وَرَحۡمَةٗ لِّقَوۡمٖ يُؤۡمِنُونَ ﴿٦٤﴾ ﴾ النحل: ٦٤ ولهذا قال رسول الله صلى الله عليه وسلم ألا إني أوتيت القرآن ومثله معه، يعني السنة (مجموع فتاوى شيخ الإسلام ابن تيمية)

നിനക്ക് അത് സാധിക്കാതെ വന്നാൽ നീ സുന്നത്ത് അവലംബിക്കണം. അത് ഖുർആനിനെ വിശദീകരിക്കുന്നതും വ്യക്തമാക്കുന്നതുമാണ്. എന്നല്ല, ഇമാം ശാഫിഈ رَحِمَهُ ٱللَّهُ ഇപ്രകാരം പറയുകയുണ്ടായി: നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ വിധിച്ചിട്ടുള്ളതെല്ലാം അവിടുന്ന് ഖുർആനിൽനിന്ന് ഗ്രഹിച്ചിട്ടുള്ള കാര്യങ്ങളാണ്. അല്ലാഹു പറഞ്ഞു: ''*സത്യവുമായി നാം നിനക്ക് ഗ്രന്ഥം അവതരിപ്പിച്ചുതിട്ടുള്ളത് നിനക്ക് അല്ലാഹു കാണിച്ചു തന്നതനുസരിച്ച് ജനങ്ങൾക്കിടയിൽ വിധികൽപിക്കുവാൻ വേണ്ടിയാണ്. നീ വഞ്ചകന്മാർക്കുവേണ്ടി വാദിക്കുന്നവനാകരുത്.*'' (നിസാഅ് 105). അല്ലാഹു പറയുന്നു: ''*ഈ ദിക്ർ താങ്ങൾക്കു നാം ഇറക്കിത്തന്നിരിക്കുന്നത് ജനങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടത് അവർക്ക് താങ്ങൾ വിശദീകരിച്ച് കൊടുക്കുന്നതിനു വേണ്ടിയും അവർ ചിന്തിക്കുന്നതിനു വേണ്ടിയുമാണ്.*'' (നഹ്ൽ 44). അല്ലാഹു പറയുന്നു: ''*അവർ ഏതൊരുകാര്യത്തിൽ ഭിന്നിച്ചുപോയിരിക്കുന്നുവോ അതവർക്ക് വ്യക്തമാക്കികൊടുക്കുവാൻ വേണ്ടിയും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗ്ഗദർശനവും കാരുണ്യവും ആയിക്കൊണ്ടും മാത്രമാണ് നിനക്ക് നാം ഗ്രന്ഥം അവതരിപ്പിച്ചുതന്നിരിക്കുന്നത്.*'' (നഹ്ൽ 64)

അതുകൊണ്ടാണ് നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ ഇപ്രകാരം പറഞ്ഞത്: അറിയുക, എനിക്ക് ഖുർആനും അതുപോലുള്ള ഒന്ന് അതിന്റെ കൂടെയും നൽകപ്പെട്ടിരിക്കുന്നു. അതായത് സുന്നത്ത് എന്നു വിവക്ഷ.

عن المقدام بن معدي كرب عن رسول الله صلى الله عليه وسلم قال :ألا إني أوتيت الكتاب ومثله معه، ألا يوشك رجل شعبان على أريكتة يقول : عليكم بهذا القرآن ، فما وجدتم فيه من حلال فأحلوه، وما وجدتم فيه من حرام فحرموه، ألا لا

يحل لكم لحم الحمار الأهلي، ولا كل ذي ناب من السبع ، ولا لقطة معاهد إلا أن يستغني عنها صاحبها، ومن نزل بقوم فعليهم أن يقروه ، فإن لم يقروه فله أن يعقبهم بمثل قراه (أبو داود)

മിഖ്ദാം ഇബ്നു മഅ്ദീകരിബിൽ നിന്ന് നിവേദനം: നബി ﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: അറിയുക, എനിക്ക് ഗ്രന്ഥവും അതിന്റെ കൂടെ അതുപോലുള്ള മറ്റൊന്നും നൽകപ്പെട്ടിരിക്കുന്നു. അറിയുക, നിങ്ങളിൽ ഒരാൾ വയറുനിറയെ ഭക്ഷണം കഴിച്ച് തന്റെ കട്ടിലിൽ കിടന്ന് ഇങ്ങനെ പറയാറായിരിക്കുന്നു: നിങ്ങൾ ഈ ഖുർആൻ സ്വീകരിച്ചുകൊള്ളുക. അതിൽ കാണുന്ന ഹലാലുകളെ നിങ്ങൾ ഹലാലായി സ്വീകരിക്കുക. അതിൽ ഹറാമായി കാണുന്നതിനെ നിങ്ങൾ ഹറാമായും സ്വീകരിക്കുക. എന്നാൽ അറിയുക, നാടൻ കഴുതയുടെ മാംസമോ തേറ്റയുള്ള യാതൊരു വന്യമൃഗമോ നിങ്ങൾക്ക് അനുവദനീയമല്ല. മുസ്ലിം ഭരണത്തിനു കീഴിൽ സന്ധിയിൽ കഴിയുന്ന ഒരു അമുസ്ലിമിന്റെയും വീണുപോയ സ്വത്ത് നിങ്ങൾക്ക് അനുവദനീയമല്ല, അയാൾ അത് ഒഴിവാക്കിയാലല്ലാതെ. ഒരാൾ ഒരു ജനതയുടെ അടുക്കൽ ചെന്നാൽ അവർ അയാളെ അതിഥിയായി സ്വീകരിക്കേണ്ടതുണ്ട്. അവർ ആതിഥ്യം നൽകുന്നില്ലെങ്കിൽ അയാളുടെ ആതിഥ്യത്തിനു സമാനമായത് അവരിൽ നിന്ന് ആവശ്യപ്പെടാവുന്നതാണ്.

#### 2.7.2.1 ഖുർആനും സുന്നത്തും വേർപിരിക്കാൻ പാടില്ല

فكم من حديث تلقاه الفقهاء أو غيرهم بالقبول ، وهو منكر مردود عند علماء الحديث مثل حديث معاذ أن النبي صلى الله عليه وسلم قال له : بم تحكم ؟ قال : بكتاب الله ، قال: فإن لم تجد ؟ قال : بسنة رسول الله صلى الله عليه وسلم .... (الحديث) فإنه منكر كما قال إمام الأئمة البخاري رحمه الله تعالى ، وهو مخرج عندي في سلسلة الأحاديث الضعيفة، أخرجه أبو داود والترميذي وأحمد (الألباني)

മുആദ് رَضِيَٱللَّهُعَنْهُ നിന്ന് ഉദ്ധരിക്കപ്പെടുന്ന ഹദീസു പോലെ, കർമ്മശാസ്ത്രപണ്ഡിതന്മാരും അല്ലാത്തവരും സ്വീകരിച്ചു പോരുന്ന എത്ര ഹദീസുകളാണ് മുഹദ്ദിസുകൾ 'മുൻകർ'[1] ആണെന്ന് പറഞ്ഞ് നിരാകരിച്ചിട്ടുള്ളത്. നബി ﷺ അദ്ദേഹത്തോട് ചോദിച്ചു, എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് താങ്കൾ വിധിക്കുക? അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ഗ്രന്ഥത്തെ. അവിടുന്ന് വീണ്ടും ചോദിച്ചു: അതിൽ നീ ഒന്നും കണ്ടില്ലെങ്കിൽ? അദ്ദേഹം പറഞ്ഞു: നബി ﷺയുടെ സുന്നത്തു പ്രകാരം. ഇത് ഇമാം ബുഖാരി പറഞ്ഞതു പോലെ 'മുൻകർ' ആയ ഹദീസാണ്. ഇതിന്റെ വിശദമായ ചർച്ച സിൽസിലത്തുൽ അഹാദീസി ളഈഫയിലുണ്ട്. അബൂദാവൂദ്, തിർമുദി, അഹ്മദ് എന്നിവരാണ് ഇത് ഉദ്ധരിച്ചിട്ടുള്ളത്.

(1) وهو كالشاذ إن خالف راويه الثقات فمنكر مردود، وكذا إن لم يكن عدلا ضابطا، وإن لم يخالف فمنكر مردود. الباعث الحثيث في اختصار علوم الحديث

#### 2.7.2.2 യുക്തിയെ കുറിച്ചുള്ള മുആദ് رَضِيَ اللَّهُ عَنْهُന്റെ ഹദീസിലെ തകരാറുകൾ

قبل أن أنهي كلمتي هذه أرى أنه لا بد لي من أن ألفت انتباه الإخوة الحاضرين إلى حديث مشهور، قلما يخلو منه كتاب من كتب أصول الفقه، لضعفه من حيث إسناده، ولتعارضه مع ما انتهينا إليه في هذه الكلمة من عدم جواز التفريق في التشريع بين الكتاب والسنة، ووجوب الأخذ بهما معا، ألا وهو حديث معاذ بن جبل رضي الله عنه أن النبي صلى الله عليه وسلم قال له حين أرسله إلى اليمن: بم تحكم؟ قال: بكتاب الله، قال: فإن لم تجد؟ قال: بسنة رسول الله، قال: فإن لم تجد؟ قال: أجتهد رأيي ولا آلو، قال: الحمد لله الذي وفق رسول رسول الله لما يحب رسول الله، أما ضعف إسناده فلا مجال لبيانه الآن، وقد بينت ذلك بيانا شافيا ربما لم اسبق إليه في السلسلة السابقة الذكر وحسبي الآن أن أذكر أن أمير المؤمنين في الحديث الإمام البخاري رحمه الله تعالى قال فيه: حديث منكر. (الألباني، منزلة السنة في الإسلام)

ഈ ചർച്ച അവസാനിപ്പിക്കുന്നതിനു മുമ്പ് പ്രശസ്തമായ ഒരു ഹദീസിലേക്കുകൂടി അനുവാചകരുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അതിനൊരു കാരണം അതിന്റെ സനദിലുള്ള തകരാറുകളാണ്. മറ്റൊന്ന്, ഇപ്പോൾ നാം ചർച്ച ചെയ്ത തത്ത്വത്തിന്, അഥവാ മതനിയമങ്ങൾ കണ്ടെത്തുന്ന കാര്യത്തിൽ ഖുർആനിനെയും സുന്നത്തിനെയും വേർതിരിച്ചു കാണാതെ അവ രണ്ടും ഒരുമിച്ച് സ്വീകരിക്കണമെന്നുള്ള തത്ത്വത്തിന് അത് എതിരായി വരുന്നു എന്നുള്ളതാണ്. എന്നാൽ ആ ഹദീസ് ഉദ്ധരിക്കാത്ത നിദാനശാസ്ത്രഗ്രന്ഥങ്ങൾ വളരെ വിരളമാണ്. മുആദ് رَضِيَ اللَّهُ عَنْهُനെ നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ യമനിലേക്ക് അയച്ചപ്പോൾ പറഞ്ഞ വചനമാണ്. അദ്ദേഹത്തോട് നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ ചോദിച്ചു: എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് താങ്കൾ വിധിക്കുക? അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ഗ്രന്ഥത്തെ. അവിടുന്ന് വീണ്ടും ചോദിച്ചു: അതിൽ നീ ഒന്നും കണ്ടില്ലെങ്കിൽ? അദ്ദേഹം പറഞ്ഞു: നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَയുടെ സുന്നത്തുപ്രകാരം. അവിടുന്ന് ചോദിച്ചു: അതിലും നീ കണ്ടില്ലെങ്കിൽ? അദ്ദേഹം പറഞ്ഞു ഞാൻ എന്റെ യുക്തിയനുസരിച്ച് ഗവേഷണം ചെയ്യും., ഞാൻ ഒട്ടും കുറുവു വരുത്തില്ല. അവിടുന്ന് പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ ഇഷ്ടപ്പെടുന്ന കാര്യത്തിന് അവിടുത്തെ ദൂതന് തൗഫീഖ് നൽകിയ അല്ലാഹുവിന് സ്തുതി. അതിന്റെ സനദിലുള്ള തകരാറുകൾ വിശദീകരിക്കാൻ ഇപ്പോൾ ഇടമില്ല. അത് മറ്റൊരും ചെയ്തിട്ടില്ലാത്ത വിധം വിശദമായി തന്നെ നേരത്തെ സൂചിപ്പിച്ച സിൽസിലയിൽ ഞാൻ പരാമർശിച്ചിട്ടുണ്ട്. ഹദീസ് വിജ്ഞാനീയത്തിലെ അമീറുൽ മുഅ്മിനീനായ ഇമാം ബുഖാരി അതിനെ കുറിച്ച് പറഞ്ഞത് മാത്രം ഇപ്പോൾ സൂചിപ്പിച്ചു കൊണ്ട് അവസാനിപ്പിക്കാം. അദ്ദേഹം പറഞ്ഞു. അത് 'മുൻകർ' ആയ ഹദീസാണ്.

وجملة القول، أن الحديث لا يصح إسناده لإرساله، وجهالة راويه الحارث بن عمرو، فمن كان عنده من المعرفة بهذا العلم الشريف وتبين له ذلك فيها، وإلا فحسبه أن يستحضر أسماء الأئمة الذين صرحوا بتضعيفه، فيزول الشك من قلبه، وها انا ذا أسردها وأقربها إلى القراء الكرام:

١) البخاري ٢) الترمذي ٣) العقيلي ٤) الدارقطني ٥) ابن حزم

٦) ابن طاهر ٧) ابن الجوزي ٨) الذهبي ٩) السبكي ١٠) ابن حجر

ചുരുക്കത്തിൽ, സനദ് തുടക്കത്തിൽ തന്നെ കണ്ണിയറ്റുപോയതിനാലും, നിവേദകന്മാരിലൊരാളായ ഹാരിസ് ഇബ്നു അംറിന്റെ യോഗ്യത പരിശോധിച്ചുറപ്പുവരുത്താൻ ജീവചരിത്രം അറിയപ്പെടാത്ത ആളായതിനാലും ഈ ഹദീസിന്റെ സനദ് ശരിയല്ല. ഈ വിജ്ഞാനീയത്തിൽ അറിവുള്ളവർക്ക് ഇത് ബോധ്യപ്പെടുന്നതാണ്. അല്ലാത്തവർ ഈ ഹദീസ് ദുർബ്ബലമാണെന്ന് വ്യക്തമാക്കിയ ഇമാമുകളുടെ പേരുകൾ ഓർക്കട്ടെ. അവരിൽ ചിലരുടെ പേരുകൾ താഴെ കൊടുക്കാം:

1) ബുഖാരി 2) തിർമുദി 3) അഖീലി 4) ദാറഖുത്നി 5) ഇബ്നുഹസം

6) ഇബ്നുതാഹിർ 7) ഇബ്നുൽജൗസി 8) ദഹബി 9) സുബുകി 10) ഇബ്നു ഹജർ

فكذلك لا يأخذ بالسنة إلا إذا لم يجد في الكتاب، وهذا التفريق بينهما مما لا يقول به مسلم، بل الواجب النظر في الكتاب والسنة معا، وعدم التفريق بينهما، لما علم من أن السنة تبين مجمل القرآن، وتقيد مطلقه، وتخصص عمومه كما هو معلوم.

(الضعيفة ٢٨٦/٢)

അതേപോലെ, ഖുർആനിൽ നിന്ന് ഒന്നും കിട്ടിയിട്ടില്ലെങ്കിലല്ലാതെ അയാൾ സുന്നത്ത് സ്വീകരിക്കുകയില്ല. ഈ വിവേചനം ഒരു മുസ്ലിമിനും പറഞ്ഞുകൂടാത്തതാണ്. മറിച്ച്, ഖുർആനിലും സുന്നത്തിലും ഒരുപോലെ പരതുക, അവക്കിടയിൽ വിവേചനം കാണിക്കാതിരിക്കുക എന്നത് അയാളുടെ ബാധ്യതയാണ്. കാരണം, സുന്നത്ത് ഖുർആനിലെ സംക്ഷേപങ്ങളെ വിശദീകരിക്കുകയും നിരുപാധിക പരാമർശങ്ങളെ സോപാധീകരിക്കുകയും സാമാന്യത്തെ സവിശേഷവൽകരിക്കുകയും ചെയ്യുമെന്നത് അറിയപ്പെട്ട കാര്യമാണ്.

حديث ابن عمر مرفوعا: أحل لنا ميتتان ودمان فأما الميتتان فالحوت والجراد، وأما الدمان فالكبد والطحال، رواه أحمد وابن ماجه والدراقطني

ഇബ്നു ഉമർ رَضِيَ ٱللَّهُ عَنْهُൽ നിന്ന് നിവേദനം. രണ്ടു ശവങ്ങളും രണ്ടു രക്തങ്ങളും നമുക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. മത്സ്യവും വെട്ടുകിളിയുമാണ് രണ്ടു ശവങ്ങൾ. കരളും പ്ലീഹയുമാണ് രണ്ടു രക്തങ്ങൾ.

عن علي أنه ضرب شُرَاحَة يوم الخميس ورجمها يوم الجمعة وقال: جلدتها بكتاب الله، ورجمتها بسنة رسول الله صلى الله عليه وسلم، رواه أحمد والبخاري

അലി رَضِيَ ٱللَّهُ عَنْهُൽ നിന്ന് നിവേദനം: അദ്ദേഹം വ്യാഴാഴ്ച ശുറാഹയെ അടി നൽകി ശിക്ഷിച്ചു. അവളെ വെള്ളിയാഴ്ച കല്ലെറിഞ്ഞും ശിക്ഷിച്ചു. എന്നിട്ട് അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ഗ്രന്ഥമനുസരിച്ചാണ് അയാളെ ഞാൻ അടിച്ചത്. നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَയുടെ സുന്നത്തനുസരിച്ചാണ് അവളെ ഞാൻ എറിഞ്ഞുകൊന്നത്.

#### 2.7.2.3 മുർസലായ റിപ്പോർട്ടുകളും ഖുർആൻ വ്യാഖ്യാനത്തിൽ അവയുടെ പങ്കും

قال الإمام أحمد: ثلاثة أمور ليس لها إسناد: التفسير والملاحم والمغازي، لأن الغالب عليها المراسيل

ഇമാം അഹ്മദ് رَحِمَهُ ٱللَّهُ പറഞ്ഞു: മൂന്നു വിഷങ്ങളിലുള്ള റിപ്പോർട്ടുകൾക്ക് സനദ് ഇല്ല. ഖുർആൻ വ്യാഖ്യാനം, കലാപങ്ങൾ, യുദ്ധങ്ങൾ. കാരണം അവയിൽ മിക്കതും മുർസലുകളാണ്.

إذا تعددت طرقها وخلت عن المواطأة قصدا أو الاتفاق بغير قصد كانت صحيحة قطعا، فإن النقل إما أن يكون صدقا مطابقا للخبر، وإما أن يكون كذبا تعمد صاحبه الكذب، أو أخطأ فيه، فمتى سلم من الكذب العمد واخطأ كان صدقا بلا ريب (مجموع فتاوى لشيخ الإسلام ابن تيمية)

ഒരു കാര്യം വ്യത്യസ്ത പരമ്പരകളിലൂടെ ഉദ്ധരിക്കപ്പെടുകയും ഉദ്ദേശപൂർവ്വമോ യാദൃഛികമോ ആയി അക്കാര്യത്തിൽ അവർ ഏകോപിച്ചിട്ടുമില്ലെങ്കിൽ അത് ഖണ്ഡിതമായും സത്യമായിരിക്കും. കാരണം ഏതൊരു റിപ്പോർട്ടും ഒന്നുകിൽ വസ്തുതയുമായി യോജിക്കുന്ന സത്യമായിരിക്കും. അല്ലെങ്കിൽ ബോധപൂർവ്വം പറഞ്ഞതോ അബദ്ധവശാൽ സംഭവിച്ചതോ ആയ കളവുമായിരിക്കും. ബോധപൂർവ്വമോ അബദ്ധവശാലോ സംഭവിക്കുന്ന കളവിൽ നിന്നും ഒരു റിപ്പോർട്ട് എപ്പോൾ മുക്തമാകുന്നുവോ അപ്പോഴത് സംശയരഹിതമായും സത്യമായിരിക്കും.

فإذا كان الحديث جاء من جهتين أو جهات، وقد علم أن المخبرين لم يتواطئا على اختلاقه، وعلم أن مثل ذلك لا تقع الموافقة فيه اتفاقا بلا قصد علم أنه صحيح، مثل شخص يحدث عن واقعة جرت، ويذكر تفاصيل ما فيها من الأقوال والأفعال، ويأتي شخص آخر قد علم أنه لم يواطئ الأول، فيذكر مثل ما ذكره الأول من تفاصيل الأقوال والأفعال، فيعلم قطعا أن تلك الواقعة حق في الجملة، فإنه لو كان كل منهما كذبها عمدا أو أخطأ لم يتفق في العادة أن يأتي كل منهما بتلك التفاصيل التي تمنع العادة اتفاق الإثنين عليها بلا مواطأة من أحدهما لصاحبه.. (مجموع فتاوى شيخ الإسلام ابن تيمية)

രണ്ടോ അതിലധികമോ പരമ്പരകളിലൂടെ ഒരു ഹദീസ് വന്നു. നിവേദകന്മാർ അത് ഒത്തുകളിച്ച് കള്ളം ചമച്ചുണ്ടാക്കിയതല്ലെന്നും തെളിഞ്ഞു. റിപ്പോർട്ടിൽ പറയുന്ന കാര്യത്തിൽ ബോധപൂർവ്വമല്ലാതെ

യാദൃച്ഛികമായി എല്ലാവരും യോജിച്ചുവരിക സാധ്യമല്ലെന്നത് വ്യക്തമാണ്. എങ്കിൽ ആ റിപ്പോർട്ട് സ്വഹീഹാണെന്ന് തെളിയുമല്ലോ. ഉദാഹരണമായി, നടന്നുകഴിഞ്ഞ ഒരു സംഭവത്തെ കുറിച്ച് ഒരാൾ റിപ്പോർട്ട് ചെയ്തു. അവിടെ നടന്ന സംസാരങ്ങളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ പറഞ്ഞു. മറ്റൊരാൾ വന്നു. അയാൾ ആദ്യത്തെ റിപ്പോർട്ടറുമായി കണ്ടുമുട്ടിയിട്ടില്ല. എന്നിട്ട് ആദ്യത്തെ ആൾ പറഞ്ഞ അതേ വിശദാംശങ്ങളോടെ ഇയാളും അക്കാര്യം റിപ്പോർട്ട് ചെയ്തു. എങ്കിൽ ആ സംഭവം മൊത്തത്തിൽ സത്യമാണെന്നുറപ്പിക്കാം. കാരണം, രണ്ടുപേരും ബോധപൂർവ്വമോ അബദ്ധത്തിലോ കളവ് പറഞ്ഞതാണെങ്കിൽ സ്വാഭാവികമായും സംഭവത്തിന്റെ വിശദാംശങ്ങളിൽ ഒരേപോലെ യോജിക്കുമായിരുന്നില്ല. പരസ്പരം ഒത്തുചേർന്ന് ധാരണയുണ്ടാക്കിയാലല്ലാതെ അവർക്ക് വിശദാംശങ്ങളിൽ വ്യത്യാസമില്ലാതെ റിപ്പോർട്ട് ചെയ്യാനാവില്ല.

وهذا الأصل ينبغي أن يعرف، فإنه أصل نافع في الجزم بكثير من المنقولات في الحديث والتفسير والمغازي، وما ينقل من أقوال الناس وأفعالهم وغير ذلك... (المصدر السابق)

ഇത് നിർബന്ധമായും മനസ്സിലാക്കിയിരിക്കേണ്ട ഒരു തത്ത്വമാണ്. ഹദീസ്, തഫ്സീർ, യുദ്ധങ്ങൾ, ജനങ്ങളിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന വാക്കുകൾ, പ്രവർത്തനങ്ങൾ എന്നിങ്ങനെ പല വിഷയങ്ങളിലുമുള്ള ഒട്ടനവധി റിപ്പോർട്ടുകളിൽ തീരുമാനമെടുക്കാൻ ഇത് വളരെ ഉപകരിക്കും.

والمقصود إن الحديث الطويل إذا روي مثلا من وجهين مختلفين، من غير مواطأة امتنع عليه أن يكون غلطا كما امتنع أن يكون كذبا، فإن الغلط لا يكون في قصة طويلة متنوعة، وإنما يكون في بعضها، فإذا روى هذا قصة طويلة متنوعة، ورواها الآخر مثلما رواها الأول من غير مواطأة امتنع الغلط في جميعها، كما امتنع الكذب في جميعها من غير مواطأة ... (المصدر السابق)

ഒരേ ഉള്ളടക്കമുള്ള ദീർഘമായ ഒരു ഹദീസ് വ്യത്യസ്തമായ രണ്ടു പരമ്പരകളിലൂടെ ഉദ്ധരിക്കപ്പെട്ടു. അത് റിപ്പോർട്ട് ചെയ്തവർ അന്യോന്യം കണ്ടുമുട്ടി പരസ്പര ധാരണയോടെ റിപ്പോർട്ട് ചെയ്തതല്ല. എങ്കിൽ ആ റിപ്പോർട്ട് തെറ്റാകാനോ കളവാകാനോ യാതൊരു തരവുമില്ല. ദീർഘവും വൈവിധ്യവുമായ ഒരാഖ്യാനം മൊത്തത്തിൽ തെറ്റുകയില്ല. ഒരു പക്ഷേ, അതിന്റെ ചില ഭാഗങ്ങളിൽ തെറ്റു സംഭവിച്ചേക്കാം. ദീർഘവും വിവിധ വശങ്ങളോടുകൂടിയതുമായ ഒരു സംഭവം ഒരാൾ ഉദ്ധരിച്ചു. പരസ്പരം കണ്ടുമുട്ടി ധാരണയിലെത്താത്ത മറ്റൊരാൾ അതേ സംഭവം അതേ രൂപത്തിൽ റിപ്പോർട്ട് ചെയ്താൽ അത് മുഴുവനും അബദ്ധമാകാൻ തരമില്ല. പരസ്പരം കണ്ടുമുട്ടി ധാരണയിലെത്താത്ത നിലക്ക് അതുമുഴുവനും കളവാകാനും തരമില്ല.

ولهذا كان جمهور أهل العلم من جميع الطوائف على أن خبر الواحد إذا تلقته الأمة بالقبول تصديقا له أو عملا به أنه يوجب العلم، وهذا هو الذي ذكره المصنفون في أصول الفقه من أصحاب أبي حنيفة ومالك والشافعي وأحمد، إلا فرقة قليلة من

المتأخرين، اتبعوا في ذلك طائفة من أهل الكلام أنكروا ذلك، ولكن كثيرا من أهل الكلام أو أكثرهم يوافقون الفقهاء، وأهل الحديث والسلف على ذلك، وهو قول أكثر الأشعرية... (مجموع فتاوى ٣٤٧/١٣)

വ്യക്ത്യാധിഷ്ഠിത റിപ്പോർട്ടുകളെ കുറിച്ച് എല്ലാ കക്ഷികളിലെയും ഭൂരിഭാഗം പണ്ഡിതന്മാരുടെയും അഭിപ്രായം, അത് മുസ്ലിം സമുദായം സ്വീകരിച്ച് സത്യപ്പെടുത്തുകയോ പ്രാവർത്തികമാക്കുകയോ ചെയ്തിട്ടുള്ളതാണെങ്കിൽ അറിവ് പ്രദാനം ചെയ്യുമെന്നു തന്നെയാണ്. ഇതാണ് അബൂഹനീഫ, മാലിക്, ശാഫിഈ, അഹ്മദ് എന്നിവരുടെ അനുചരന്മാരായ നിദാനശാസ്ത്രത്തിലെ ഗ്രന്ഥകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് നിഷേധിച്ചിട്ടുള്ളത് ഇൽമുൽ കലാമിന്റെ വക്താക്കളെ പിന്തുടർന്ന പിൽക്കാലക്കാരായ വളരെ ചെറിയ ഒരു വിഭാഗം മാത്രമാണ്. ഇൽമുൽ കലാമിന്റെ ആളുകളിൽ ധാരാളം പേർ, അല്ല അധികപേരും ഇക്കാര്യത്തിൽ കർമ്മശാസ്ത്ര പണ്ഡിതന്മാരോട് യോജിക്കുന്നവരാണ്. ഹദീസിന്റെ ആളുകളും സലഫുകളും ഇതേ അഭിപ്രായക്കാരാണ്, ഇതു തന്നെയാണ് അശ്അരികളിൽ അധികപേരുടെയും നിലപാടും.

قال أحمد: قد اكتب حديث الرجل لاعتبره، ومثل هذا بعبد الله بن لهيعة قاضي مصر، فإنه كان من أكثر الناس حديثا ومن خيار الناس، لكن بسبب احتراق كتبه وقع في حديثه المتأخر غلط، فصار يعتبر بذلك ويستشهد به، وكثيرا ما يقترن هو والليث بن سعد، والليث حجة ثبت إمام. (مجموع فتاوى ٣٥٢/١٣)

അഹ്മദ് رَحِمَهُ اللَّهُ പറഞ്ഞു: ഇഅ്തിബാറിനു[1] വേണ്ടി ചിലപ്പോൾ ഞാൻ ചിലരുടെ ഹദീസ് രേഖപ്പെടുത്തും അതിനുദാഹരണമാണ് ഈജിപ്തിലെ ജഡ്ജായിരുന്ന അബ്ദുല്ലാ ഇബ്നു ലഹീഅ. അദ്ദേഹം ജനങ്ങളിൽ വളരെയധികം ഹദീസ് റിപ്പോർട്ട് ചെയ്യുന്നവനും നല്ലവനുമായിരുന്നു. പക്ഷെ, അദ്ദേഹത്തിന്റെ പുസ്തകങ്ങൾ കത്തിപ്പോയതിനാൽ പിൽക്കാല രിവായത്തുകളിൽ അബദ്ധം വരാനിടയായി. പിന്നീട് അവ ഇഅ്തിബാറിനും ഇസ്തിശ്ഹാദിനും മാത്രം പരിഗണിക്കപ്പെടുന്ന സ്ഥിതിയായി. പലപ്പോഴും അദ്ദേഹത്തെയും ലൈഥ് ഇബ്നു സഅ്ദിനെയും ഒരുമിച്ചാണ് പ്രതിപാദിക്കുക. ലൈഥ് പ്രാമാണികനും യോഗ്യനും ഇമാമുമാണ്.

---

(١) فمثال الا عتبار: أن يروي حماد مثلاَ حديثًا لا يتابع عليه عن أيوب عن ابن سيرين عن أبي هريرة عن النبي صلى الله عليه وسلم، فينظر هل رواه ثقة غير أيوب عن ابن سيرين، فإن لم يوجد فثقة غير ابن سيرين عن أبي هريرة وإلا فصحابي غير أبي هريرة عن النبي صلى الله عليه وسلم، فأي ذلك وجد علم أن له أصلاَ يرجع إليه، وإلا فلا. (التقريب والتيسير لمعرفة سنن البشير النذير في أصول الحديث)

#### 2.7.2.4 ഹദീസിലെ കെടുതികൾ (علم علل الحديث)

فإنهم أيضا يضعفون من حديث الثقة الصدوق الضابط أشياء تبين لهم أنه غلط فيها بأمور يستدلون بها، ويسمون هذا علم علل الحديث، وهو من أشرف علومهم بحيث يكون الحديث قد رواه ثقة ضابط وغلط فيه، وغلطه فيه عرف إما بسبب ظاهر ، كما عرفوا ان النبي صلى الله عليه وسلم تزوج ميمونة وهو حلال....

والناس في هذا الباب طرفان؛ طرف من أهل الكلام ونحوهم ممن هو بعيد عن معرفة الحديث وأهله لايميز بين الصحيح والضعيف، فيشك في صحة أحاديث، أو في القطع بها مع كونها معلومة مقطوعا بها عند أهل العلم به، وطرف ممن يدعي اتباع الحديث والعمل به، كلما وجد لفظا في حديث قد رواه ثقة، أو رأى حديثا بإسناد ظاهره الصحة، يريد أن يجعل ذلك من جنس ما جزم اهل العلم بصحته، حتى إذا عارض الصحيح المعروف أخذ يتكلف له التأويلات الباردة، أو يجعله دليلا له في مسائل العلم، مع أن أهل العلم بالحديث يعرفون أن مثل هذا غلط (مجموع فتاوى ١٣/٣٥٣)

വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ വിശ്വസ്തനും സത്യസന്ധനും സൂക്ഷ്മതയുള്ളവനുമായ ഒരു നിവേദകനു തന്നെ ഒരു റിപ്പോർട്ടിൽ അബദ്ധം പിണഞ്ഞതായി ബോധ്യപ്പെടുന്ന പക്ഷം അത് ദുർബ്ബലമാണെന്ന് അവർ വിധിക്കാറുണ്ട്. ഇതിനെ അവർ ഹദീസിന്റെ കെടുതികൾ സംബന്ധിച്ച വിജ്ഞാനീയമെന്ന് വിളിക്കുന്നു. അവരുടെ വിജ്ഞാനീയങ്ങളിൽ ഏറെ ശ്രേഷ്ഠമായതത്രെ ഇത്. വിശ്വസ്തനും സൂക്ഷ്മതയുള്ളവനുമായ ഒരാൾ ഹദീസ് റിപ്പോർട്ട് ചെയ്തു. അയാൾക്കതിൽ അബദ്ധം പിണഞ്ഞു. അത് പ്രത്യക്ഷമായ കാരണങ്ങളാലോ മറ്റോ ബോധ്യപ്പെട്ടു. നബി ﷺ ഇഹ്റാമിൽ നിന്ന് മുക്തമായതിനുശേഷം മാത്രമാണ് മൈമൂനയെ വിവാഹം ചെയ്തതെന്ന കാര്യം അവർ മനസ്സിലാക്കിയതു പോലെ...

ഇക്കാര്യത്തിൽ ജനങ്ങൾ രണ്ടറ്റങ്ങളിലാണ്. വചനശാസ്ത്രത്തിന്റെ ആളുകളും അവരെപ്പോലുള്ളവരുമായ ഒരു വിഭാഗം. അവർക്ക് ഹദീസിനെ കുറിച്ചോ ഹദീസ് പണ്ഡിതന്മാരെ കുറിച്ചോ അറിവില്ല. പ്രബലവും ദുർബ്ബലവുമായവ ഏതെന്ന് വേർതിരിക്കാൻ കഴിയുകയുമില്ല. അതിനാൽ അവർ ഹദീസിന്റെ സ്വീകാര്യതയെ കുറിച്ച് സംശയിക്കും. അല്ലെങ്കിൽ ഖണ്ഡിതമായി ഒന്നും പറയാനാവാതെ കുഴങ്ങും. അതേ സമയം അവ മുഹദ്ദിസുകളുടെ അടുക്കൽ അറിയപ്പെട്ടതും ഖണ്ഡിതവും പ്രബലവുമായ ഹദീസുകളായിരിക്കും.

മറ്റൊരു വിഭാഗം ഹദീസ് പിന്തുടരുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നവരെന്ന് വാദിക്കുന്നവരാണ്. വിശ്വസ്തനായ ഒരാൾ റിപ്പോർട്ട് ചെയ്ത ഹദീസിലെ ഒരു വാക്ക് കിട്ടുമ്പോഴേക്കും, അല്ലെങ്കിൽ പ്രത്യക്ഷത്തിൽ സ്വഹീഹാണെന്നു തോന്നുന്ന പരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ട ഒരു ഹദീസ് കാണുമ്പോഴേക്കും, പ്രശസ്തവും സ്വഹീഹുമായ മറ്റു ഹദീസുകൾക്ക് വിരുദ്ധമായാൽപോലും, മുഹദ്ദിസുകൾ സ്വഹീഹ് എന്ന് ഖണ്ഡിതമായി വിധിച്ച റിപ്പോർട്ടുകളുടെ അതേ ഇനത്തിൽ അതിനെ ഉൾപ്പെടുത്താനവർ തുനിയും. അതിന്മേൽ കടിച്ചുതൂങ്ങാൻ വേണ്ടി

തണുപ്പൻ ദുർവ്യാഖ്യാനങ്ങൾ ചമച്ചുണ്ടാക്കും. അല്ലെങ്കിൽ അവയെ മതപരമായ പ്രശ്നങ്ങൾക്കുള്ള തെളിവാക്കി കൊണ്ടുനടക്കും. അതേസമയം ഹദീസ് പണ്ഡിതന്മാരുടെ അടുക്കൽ ഇതുപോലുള്ളവ അബദ്ധമാണെന്ന് അറിയപ്പെട്ടതുമായിരിക്കും.

وكما أن على الحديث أدلة يعلم بها أنه صدق وقد يقطع بذلك، فعليه أدلة يعلم بها أنه كذب ويقطع بذلك، مثل ما يقطع بكذب ما يرويه الوضاعون من أهل البدع والغلو في الفضائل...

وفي التفسير من هذه الموضوعات قطعة كبيرة، مثل الحديث الذي يرويه الثعلبي والواحدي والزمخشري في فضائل سور القرآن سورة سورة، فإنه موضوع باتفاق أهل العلم. (مجموع فتاوى)

ഹദീസ് സത്യമാണെന്ന് മനസ്സിലാക്കാൻ അവക്ക് ചില ലക്ഷണങ്ങളുണ്ട്. അതുമുഖേന അവ സത്യമാണെന്ന് തീർത്തുപറയാൻ സാധിക്കും. അതേപോലെ, അവ കളവാണെന്ന് മനസ്സിലാക്കാവുന്ന കുറെ അടയാളങ്ങളുണ്ട്. അവ മുഖേന അത് കളവാണെന്ന് തീർത്ത് പറയാൻ സാധിക്കും. മുബ്തദിഉകളിലും ഫളാഇലിൽ അതിരു കവിയുന്നവരിലും പെട്ട കൃതിപ്പുകാർ റിപ്പോർട്ടു ചെയ്യുന്നത് കളവാണെന്ന് നമുക്ക് തീർത്ത് പറയാൻ സാധിക്കുന്നതുപോലെ..

തഫ്സീറിലാണ് ഇത്തരം കൃതിപ്പുകളിൽ വലിയൊരംശമുള്ളത്. ഖുർആനിലെ ഓരോ ഓരോ അധ്യായത്തിന്റെ ശ്രേഷ്ഠതകളെ കുറിച്ചും ഥഅ്ലബി, വാഹിദി, സമഖ്ശരീ പോലുള്ളവർ ഉദ്ധരിക്കുന്ന ഹദീസുകൾ ഇതിനുദാഹരണമാണ്. അവ കൃതിപ്പുകളിൽപെട്ടതാണെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു.

### 2.7.3 സ്വഹാബികളുടെ വചനങ്ങൾ

إذا لم نجد التفسير في القرآن ولا في السنة رجعنا في ذلك إلى أقوال الصحابة، فإنهم أدرى بذلك لما شاهدوه من القرآن، والأحوال التي اختصوا بها، ولما لهم من الفهم التام والعلم الصحيح والعمل الصالح، لا سيما علماؤهم وكبراؤهم كالأئمة الأربعة الخلفاء الراشدين، والأئمة المهديين مثل عبد الله بن مسعود. (مجموع فتاوى ١٣/٣٦٤)

ഖുർആനിലോ സുന്നത്തിലോ നമുക്ക് വ്യാഖ്യാനം കണ്ടെത്താനായില്ലെങ്കിൽ അക്കാര്യത്തിൽ നാം സ്വഹാബികളുടെ വചനങ്ങളിലേക്ക് മടങ്ങണം. അവരാണ് അതിനെ കുറിച്ച് കൂടുതൽ അറിവുള്ളവർ. കാരണം, അവരാണ് ഖുർആനിന്റെ അവതരണത്തിന് സാക്ഷ്യം വഹിച്ചത്. അവർക്ക് മാത്രം അവകാശപ്പെടാൻ ധാരാളം സവിശേഷതകളുണ്ട്. അവർ പൂർണ്ണ ഗ്രാഹ്യതയും ശരിയായ അറിവും സ്വീകാര്യയോഗ്യമായ കർമ്മങ്ങളുമുള്ളവരാണ്. വിശിഷ്യാ, അവരിലെ പണ്ഡിതന്മാർ, മഹാന്മാർ, സച്ചരിതരായ നാലു ഖുലഫാക്കൾ, അബ്ദുല്ല ഇബ്നു മസ്ഊദിനെ പോലുള്ള സന്മാർഗ്ഗചാരികളായ ഇമാമുകൾ.

#### 2.7.3.1 സ്വഹാബത്തിലെ പ്രമുഖ വ്യാഖ്യാതാക്കൾ

أعلم الناس بالتفسير أهل مكة، لأنهم أصحاب ابن عباس، ثم أهل الكوفة من أصحاب ابن مسعود، وعلماء أهل المدينة من أصحاب زيد بن أسلم الذي أخذ عنه إمام مالك التفسير (مجموع فتاوى)

ജനങ്ങളിൽ ഖുർആൻ വ്യാഖ്യാനത്തിൽ ഏറ്റവുമധികം അവഗാഹമുള്ളത് മക്കാ നിവാസികൾക്കാണ്. കാരണം അവർ ഇബ്നു അബ്ബാസ് رَضِيَ اللَّهُ عَنْهُന്റെ അനുചരന്മാരാണ്. പിന്നെ ഇബ്നു മസ്ഊദ് رَضِيَ اللَّهُ عَنْهُന്റെ അനുചരന്മാരായ കൂഫക്കരാണ്. പിന്നെ സൈദ് ഇബ്നു അസ്‌ലം رَضِيَ اللَّهُ عَنْهُന്റെ അനുചരന്മാരായ മദീനയിലെ പണ്ഡിതന്മാരാണ്. അദ്ദേഹത്തിൽ നിന്നാണ് ഇമാം മാലിക് رَحِمَهُ اللَّهُ വ്യാഖ്യാനം പഠിച്ചത്.

عن مسروق قال قال عبدالله رضي الله عنه : والله الذي لا إله غيره، ما أنزلت سورة من كتاب الله إلا أنا أعلم أين أنزلت، ولا أنزلت آية من كتاب الله إلا أنا أعلم فيم أنزلت، ولو أعلم أحدا أعلم مني بكتاب الله تبلغة الإبل لركبت إليه (البخاري)

ഇബ്നു മസ്ഊദ് رَضِيَ اللَّهُ عَنْهُ പറഞ്ഞു: അല്ലാഹു, അവനല്ലാതെ മറ്റൊരു ആരാധ്യനുമേയില്ല, അവൻ തന്നെയാണ സത്യം. എവിടെവെച്ചാണ് അവതരിച്ചെതെന്ന് ഞാൻ മനസ്സിലാക്കാത്ത ഒരു അധ്യായമോ, ഏത് കാര്യത്തിലാണ് അവതരിച്ചെതെന്ന് ഞാൻ മനസ്സിലാക്കാത്ത ഒരു സൂക്തമോ അല്ലാഹുവിന്റെ ഗ്രന്ഥത്തിലില്ല. ഒട്ടകങ്ങൾക്ക് എത്തിപ്പെടാവുന്നിടത്ത് അല്ലാഹുവിന്റെ ഗ്രന്ഥത്തെ കുറിച്ച് എന്നെക്കാൾ അറിവുള്ള ഒരാളുണ്ടെങ്കിൽ ഞാൻ അയാളുടെ അടുക്കലേക്ക് യാത്രപോവുക തന്നെ ചെയ്യും

عن سعيد بن جبير أنه سمع ابن عباس يقول : وضع رسول الله صلى الله عليه وسلم يده بين كتفي أو قال على منكبي فقال اللهم فقهه في الدين وعلمه التأويل. (أحمد)

ഇബ്നു അബ്ബാസ് رَضِيَ اللَّهُ عَنْهُൽ നിന്ന് നിവേദനം നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ തന്റെ കൈ എന്റെ രണ്ടു ചുമലുകൾക്കിടയിൽ വെച്ചു കൊണ്ട് പ്രാർത്ഥിച്ചു: അല്ലാഹുവേ, ഇവനു നീ മതത്തിൽ അവഗാഹം നൽകേണമേ. ഇവനു നീ ഖുർആൻ വ്യാഖ്യാനം പഠിപ്പിച്ചുകൊടുക്കേണമേ.

وقال الأعمش عن أبي وائل استخلف علي عبد الله بن عباس على الموسم، فخطب الناس فقرأ في خطبته سورة البقرة، وفي رواية سورة النور، ففسرها تفسيرا لو سمعته الروم والترك والديلم لأسلموا. (ابن كثير)

അബൂവാഇലിൽ നിന്ന് നിവേദനം. അലി رَضِيَ اللَّهُ عَنْهُ ഇബ്നു അബ്ബാസ് رَضِيَ اللَّهُ عَنْهُനെ ഒരിക്കൽ ഹജ്ജിന്റെ നേതൃത്വം ഏൽപ്പിച്ചു. അങ്ങനെ അദ്ദേഹം ജനങ്ങളോട് പ്രസംഗിച്ചു. പ്രസംഗത്തിനിടക്ക് സൂറത്തുൽ ബഖറ (ഒരു റിപ്പോർട്ടിൽ സൂറത്തുന്നൂർ) പാരായണം ചെയ്ത് വ്യാഖ്യാനിച്ചു. അത് റോമക്കാരോ തുർക്കികളോ ദയ്‌ലമികളോ കേട്ടിരുന്നുവെങ്കിൽ അവർ ഇസ്‌ലാം സ്വീകരിക്കുമായിരുന്നു.

عن ابن مسعود قال : كان الرجل منا إذا تعلم عشر آيات لم يجاوز هن حتى يعرف معانيهن والعمل بهن، وقال أبو عبد الرحمن السلمي : حدثنا الذين كانوا يقرئوننا أنهم كانوا يستقرئون من النبي صلى الله عليه وسلم، وكانوا إذا تعلموا عشر آيات لم يخلفوها حتى يعملوا بما فيها من العمل، فتعلمنا القرآن والعمل جميعا. (ابن كثير ٩/١)

ഇബ്നു മസ്ഊദ് رَضِيَ ٱللَّٰهُ عَنْهُൽ നിന്ന് നിവേദനം. ഞങ്ങളിലൊരാൾ പത്തുവചനങ്ങൾ പഠിച്ചാൽ അതിലെ ആശയങ്ങൾ ഗ്രഹിക്കുകയും അതനുസരിച്ച് കർമ്മങ്ങൾ ശീലിക്കുകയും ചെയ്തതിനു ശേഷമല്ലാതെ അതിൽ നിന്ന് മറ്റുള്ളതിലേക്ക് പ്രവേശിക്കാറുണ്ടായിരുന്നില്ല. അബൂ അബ്ദിറഹ്മാൻ അസ്സുലമി പറയുന്നു: ഞങ്ങൾക്ക് ഖുർആൻ പഠിപ്പിച്ചുതന്നവർ ഞങ്ങളോട് പറഞ്ഞത് അവർ നബി صَلَّى ٱللَّٰهُ عَلَيْهِ وَسَلَّمَയോട് ഖുർആൻ ചൊല്ലിക്കൊടുക്കാൻ ആവശ്യപ്പെടുമായിരുന്നു, അവർ പത്തു വചനങ്ങൾ പഠിച്ചാൽ അതിലുള്ള കർമ്മങ്ങൾ ശീലിക്കുന്നതുവരെ അതു വിട്ട് മറ്റുള്ളതിലേക്ക് പ്രവേശിക്കുമായിരുന്നില്ല എന്നാണ്. അങ്ങനെ ഞങ്ങൾ ഖുർആനും കർമ്മവും ഒന്നിച്ചാണ് പഠിച്ചത്.

### 2.7.4 താബിഉകളുടെ വചനങ്ങൾ

إذا لم تجد التفسير في القرآن ولا في السنة، ولا وجدته عن الصحابة، فقد رجع كثير من الأئمة في ذلك إلى أقوال التابعين، كمجاهد بن جبر فإنه كان آية في التفسير ، كما قال محمد بن اسحاق حدثنا أبان بن صالح عن مجاهد قال: عرضت المصحف على ابن عباس ثلاث عرضات من فاتحته إلى خاتمته أوقفه عند كل آية منه واسأله عنها ... كان سفيان الثوري يقول: إذا جاءك التفسير عن مجاهد فحسبك به. (مجموع فتاوى، ٣٦٩/١٣)

سعيد بن جبير وعكرمة مولى ابن عباس وعطاء بن أبي رباح والحسن البصري ومسروق بن الأجدع وسعيد بن المسيب وأبي العالية والربيع بن أنس وقتادة والضحاك بن مزاحم

ഖുർആനിൽ നിന്നോ സുന്നത്തിൽ നിന്നോ സ്വഹാബികളിൽ നിന്നോ വ്യാഖ്യാനം കിട്ടിയില്ലെങ്കിൽ പല ഇമാമുകളും അത്തരം കാര്യങ്ങളിൽ മുജാഹിദ് ഇബ്നു ജബ്റിനെ പോലുള്ള താബിഉകളുടെ വചനങ്ങളിലേക്കാണ് മടങ്ങാറുള്ളത്. അദ്ദേഹം തഫ്സീറിൽ ഒരു ദൃഷ്ടാന്തം തന്നെയായിരുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ ഇബ്നു അബ്ബാസ് رَضِيَ ٱللَّٰهُ عَنْهُന്റെ മുമ്പിൽ മുസ്ഹഫ് തുടക്കം തൊട്ട് ഒടുക്കം വരെ മൂന്നു തവണ പ്രദർശിപ്പിച്ചു. ഓരോ വചനത്തിന്റെ അടുക്കലും നിർത്തി നിർത്തി അദ്ദേഹത്തോട് ചോദിച്ചുകൊണ്ട്.... സുഫ്യാനുഥൗരി പറഞ്ഞു... മുജാഹിദിൽ ഒരു വ്യാഖ്യാനം കിട്ടിയാൽ നിനക്ക് അതുതന്നെ മതി.

താബിഉകളിൽപ്പെട്ട പ്രശസ്തരായ ചില വ്യാഖ്യാതാക്കൾ ഇവരാണ: സഈദ് ഇബ്നു ജുബൈർ, ഇക്രിമ, അത്വാഅ് ഇബ്നു അബീ റബാഹ്, ഹസനുൽ ബസ്വരി, മസ്റൂഖ് ഇബ്നുൽ അജ്ദഅ്,

സഈദ് ഇബ്നുൽ മുസയ്യിബ്, അബുൽ ആലിയ, റബീഅ് ഇബ്നു അനസ്, ഖതാദ, ളഹാക് ഇബ്നു മുസാഹിം.

### 2.7.5 താബിഉകൾ ഭിന്നിച്ചാൽ

وما اختلف فيه التابعون ليس بحجة بعضهم على بعض، وقال شعبة بن الحجاج وغيره: أقوال التابعين في الفروع ليست حجة، فكيف تكون حجة في التفسير ؟ يعني انها لا تكون حجة على غير هم ممن خالفهم، وهذا صحيح، أما اذا اجتمعوا على الشيء فلا يرتاب في كونه حجة، فإن اختلفوا فلا يكون قول بعضهم حجة على بعض ولا على من بعدهم، ويرجع في ذلك إلى لغة القرآن أو السنة أو عموم لغة العرب أو أقوال الصحابة في ذلك. (مجموع فتاوى ١٣/٣٧٠)

താബിഉകൾ ഭിന്നിച്ചാൽ അവരിൽ ഒരാളുടെ അഭിപ്രായം മറ്റൊരാളുടെ അഭിപ്രായത്തിനെതിരിൽ തെളിവാകുകയില്ല. ശുഅ്ബയും മറ്റു ചിലരും പറഞ്ഞു: കർമ്മശാസ്ത്രപരമായ കാര്യങ്ങളിൽ താബിഉകളുടെ വാക്ക് പ്രമാണമല്ലെങ്കിൽ എങ്ങനെയാണ്, അത് ഖുർആൻ വ്യാഖ്യാനത്തിൽ തെളിവാകുക? അതായത്, അവരിൽ നിന്ന് ഒരാൾ എതിരഭിപ്രായം പറഞ്ഞാൽ അതിനെതരിൽ മറ്റൊരാളുടെ വാക്ക് തെളിവാക്കാവതല്ല. അത് ശരി തന്നെ. എന്നാൽ അവർ എല്ലാവരും ഒരു കാര്യത്തിൽ ഏകോപിച്ചാൽ അക്കാര്യം പ്രമാണമാണെന്നതിൽ ആരും സംശയിക്കുകയില്ല. അവർ ഭിന്നിച്ചാൽ ഒരാളുടെ വാക്ക് അവരിൽപെട്ട മറ്റൊരാൾക്കെതിരിലോ അവർക്കുശേഷമുള്ളവർക്കെതിരിലോ തെളിവാക്കാവതല്ല. അങ്ങനെ വരുമ്പോൾ ഖുർആനിന്റെ ഭാഷയിലേക്കോ സുന്നത്തിലേക്കോ അല്ലെങ്കിൽ അറബികളുടെ പൊതുവായ ഭാഷയിലേക്കോ അല്ലെങ്കിൽ അക്കാര്യത്തിലുള്ള സ്വഹാബികളുടെ വചനങ്ങളിലേക്കോ മടങ്ങണം.

### 3.0 തെറ്റായ വ്യാഖ്യാന രീതികൾ

ഖുർആനിലെ ഇതര സൂക്തങ്ങൾ, സുന്നത്ത്, സ്വഹാബികളുടെ വചനങ്ങൾ, താബിഉകളുടെ ഏകോപിച്ച അഭിപ്രായങ്ങൾ, ഖുർആനിന്റെ ഭാഷശൈലി, അറബി ഭാഷ നിയമങ്ങൾ, പ്രമാണങ്ങളുടെ പൊതുവായ സൂചനകളും ധ്വനികളും ഇവയൊക്കെയാണ് ഖുർആൻ വ്യാഖ്യാനത്തിന് അവലംബിക്കാവുന്ന കാര്യങ്ങൾ.

എന്നാൽ, യുക്തി, ഫിലോസഫി, ശാസ്ത്രം പൂർവ്വവേദം, പൂരാണം, ഇതിഹാസം മുതലായവ ഖുർആനിനെ വ്യാഖ്യാനിക്കാനുള്ള മാർഗ്ഗങ്ങളല്ല.

### 3.1 വേദക്കാരുടെ ഉദ്ധരണികൾ കൊണ്ട് ഖുർആൻ വ്യാഖ്യാനിക്കൽ

باب لا يسأل أهل الشرك عن الشهادة وغيرها، وقال الشعبي : لا تجوز شهادة أهل الملل بعضهم على بعض لقوله تعالى : فأغرينا بينهم العداوة والبغضاء، وقال أبو هريرة عن النبي صلى الله عليه وسلم: لا تصدقوا أهل الكتاب ولا تكذبو هم، وقولوا آمنا بالله وما أنزل الآية (البخاري)

ശിർക്കിന്റെ ആളുകളോട് സാക്ഷ്യമോ മറ്റോ ആവശ്യപ്പെടാവതല്ല എന്ന അധ്യായം. ശഅ്ബി പറഞ്ഞു: ഇതര മതാനുയായികളുടെ പരസ്പര എതിർസാക്ഷ്യം അനുവദനീയമല്ല. കാരണം അല്ലാഹു പറയുന്നു: അവർക്കിടയിൽ നാം ശത്രുതയും വെറുപ്പും ഇളക്കിവിട്ടിരിക്കുന്നു. അബൂഹുറൈറ رَضِيَ اللَّهُ عَنْهُ നബിയിൽനിന്ന് ഉദ്ധരിക്കുന്നു: വേദവകാശികളെ നിങ്ങൾ സത്യപ്പെടുത്തുകയോ കളവാക്കുകയോ ചെയ്യരുത്. നിങ്ങൾ പറയേണ്ടത് ഞങ്ങൾ അല്ലാഹുവിലും ഇറക്കപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു എന്നാണ്.

عن ابن أبي نملة الأنصاري عن أبيه أنه قال: بينما هو جالس عند رسول الله صلى الله عليه وسلم وعنده رجل من اليهود، مر بجنازة فقال : يا محمد هل تتكلم هذه الجنازة ؟ فقال النبي صلى الله عليه وسلم : الله أعلم، فقال اليهودي : إنها تتكلم، فقال رسول الله صلى الله عليه وسلم: ما حدثكم أهل الكتاب فلا تصدقوهم ولا تكذبوهم، وقولوا آمنا بالله ورسله، فإن كان باطلا لم تصدقوه، وإن كان حقا لم تكذبوه (أبو داود)

അബൂനംല رَضِيَ اللَّهُ عَنْهُ ൽനിന്ന് നിവേദനം. അദ്ദേഹം നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ യുടെ അരികിൽ ഇരിക്കുമ്പോൾ അവിടെ ഒരു ജൂതൻ ഇരിക്കുന്നുണ്ടായിരുന്നു. അപ്പോൾ ഒരു ജനാസ അതിലൂടെ കടന്നുപോയി. തുടർന്ന് അദ്ദേഹം ചോദിച്ചു: ഓ, മുഹമ്മദ്, ഈ മയ്യിത്ത് സംസാരിക്കുമോ? അപ്പോൾ നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ പറഞ്ഞു അല്ലാഹുവാണ് സൂക്ഷ്മമായി അറിയുന്നവൻ. അപ്പോൾ ജൂതൻ പറഞ്ഞു: അത് സംസാരിക്കും. അപ്പോൾ നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ പറഞ്ഞു വേദക്കാർ പറഞ്ഞത് നിങ്ങൾ സത്യപ്പെടുത്തുകയോ കളവാക്കുകയോ ചെയ്യരുത്. നിങ്ങൾ പറയേണ്ടത് ഞങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു എന്നാണ്. അത് തെറ്റാണെങ്കിൽ അത് നിങ്ങൾ സത്യപ്പെടുത്തിയിട്ടുമില്ല. അത് സത്യമാണെങ്കിൽ അതിനെ നിങ്ങൾ കളവാക്കിയിട്ടുമില്ല.

ولهذا غالب ما يرويه اسماعيل بن عبد الرحمن السدي الكبير في تفسيره عن هذه الرجلين:، ابن مسعود وابن عباس، ولكن في بعض الأحيان ينقل عنهم ما يحكونه من أقاويل أهل الكتاب التي أباحها رسول الله صلى الله عليه وسلم حيث قال: بلغوا عني ولو آية، وحدثوا عن بني إسرائيل ولا حرج، ومن كذب علي متعمدا فليتبوأ مقعده من النار، رواه البخاري عن عبد الله بن عمرو، ولهذا كان عبد الله بن عمرو قد أصاب يوم اليرموك زاملتين من كتب أهل الكتاب، فكان يحدث منهما بما فهمه من هذا الحديث من الإذن في ذلك، ولكن هذه الأحاديث الإسرائيلية تذكر للاستشهاد لا للاعتقاد، فانها على ثلاثة أقسام؛ أحدها: ما علمنا صحته مما بأيدينا مما يشهد له بالصدق فذاك صحيح، والثاني: ما علمنا كذبه بما عندنا مما يخالفه، والثالث: ما هو مسكوت عنه لا من هذا القبيل ولا من هذا القبيل، فلا نؤمن به ولا نكذبه، وتجوز حكايته لما تقدم، وغالب ذلك مما لا فائدة فيه تعود إلى أمر ديني، ولهذا يختلف علماء أهل الكتاب في مثل هذا كثيرا، ويأتي عن المفسرين خلاف بسبب

ذلك، كما يذكرون في مثل هذا أسماء أصحاب الكهف، ولون كلبهم، وعدتهم وعصا موس من أي الشجر كانت، وأسماء الطيور التي أحياها الله لإبراهيم، وتعيين البعض الذي ضرب به القتيل من البقرة، ونوع الشجرة التي كلم الله منها موسى، إلى غير ذلك مما أبهمه الله في القرآن مما لا فائدة في تعيينه تعود على المكلفين في دنياهم ولا دينهم، ولكن نقل الخلاف عنهم في ذلك جائز كما قال تعالى: ﴿ سَيَقُولُونَ ثَلَاثَةٌ رَّابِعُهُمْ كَلْبُهُمْ وَيَقُولُونَ خَمْسَةٌ سَادِسُهُمْ كَلْبُهُمْ رَجْمًا بِالْغَيْبِ وَيَقُولُونَ سَبْعَةٌ وَثَامِنُهُمْ كَلْبُهُمْ قُل رَّبِّي أَعْلَمُ بِعِدَّتِهِم مَّا يَعْلَمُهُمْ إِلَّا قَلِيلٌ فَلَا تُمَارِ فِيهِمْ إِلَّا مِرَاءً ظَاهِرًا وَلَا تَسْتَفْتِ فِيهِم مِّنْهُمْ أَحَدًا ﴿٢٢﴾ ﴾ الكهف: ٢٢

ഇസ്മാഈൽ ഇബ്നു അബ്ദിറഹ്മാൻ അസ്സുദ്ദി അൽകബീർ അദ്ദേഹത്തിന്റെ തഫ്സീറിൽ ഉദ്ധരിച്ചതിൽ ഭൂരി ഭാഗവും ഇബ്നു മസ്ഊദ് رَضِيَ ٱللَّهُ عَنْهُ ഇബ്നു അബ്ബാസ് رَضِيَ ٱللَّهُ عَنْهُ എന്നീ രണ്ടു വ്യക്തികളിൽ നിന്നാണ്. ചിലപ്പോൾ നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ അനുവദിച്ച. വേദക്കാരുടെ വചനങ്ങളിൽ നിന്നുള്ള ചില ഉദ്ധരണികൾ അദ്ദേഹം എടുത്തുചേർക്കാറുണ്ട്. നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ പറഞ്ഞു: എന്നിൽ നിന്നും ഒരു വചനമെങ്കിലും നിങ്ങൾ എത്തിക്കുക. ഇസ്റാഈല്യരിൽ നിന്നും നിങ്ങൾ ഉദ്ധരിക്കുക. കുഴപ്പമില്ല. ആരെങ്കിലും എന്റെ പേരിൽ ബോധപൂർവ്വം കളവു പറഞ്ഞാൽ അവൻ നരകത്തിൽ തന്റെ ഇരിപ്പിടം തയ്യാറാക്കട്ടെ. (ബുഖാരി ഇബ്നു അംറിൽ നിന്ന് നിവേദനം ചെയ്തത്). അബ്ദുല്ലാ ഇബ്നു അംറ് رَضِيَ ٱللَّهُ عَنْهُ ന് യർമൂക് യുദ്ധദിനത്തിൽ വേദക്കാരുടെ രണ്ടു പെട്ടി ഗ്രന്ഥങ്ങൾ കിട്ടി. മേൽ ഹദീസിൽ നിന്നും അദ്ദേഹം ഗ്രഹിച്ച അനുവാദത്തെ മുൻനിർത്തി അവയിൽ നിന്ന് അദ്ദേഹം ഉദ്ധരിക്കാറുണ്ടായിരുന്നു. പക്ഷെ, ഇത്തരം ഇസ്റാഈലീ വചനങ്ങൾ ഇസ്തിശ്ഹാദിനു മാത്രമേ ഉദ്ധരിക്കാവൂ. വിശ്വാസത്തിനു പാടില്ല. അവ മൂന്നു തരമാണ്. <u>ഒന്ന്:</u> നമ്മുടെ കൈവശമുള്ളത് സത്യമാണെന്ന് സാക്ഷ്യപ്പെടുത്തിയതിനാൽ ശരിയാണെന്ന് നാം അറിഞ്ഞത്; അവ ശരി തന്നെ. <u>രണ്ട്:</u> നമ്മുടെ കൈവശമുള്ളത് അതിന് വിരുദ്ധമായതിനാൽ കളവാമെന്ന് നാം അറിഞ്ഞത്. <u>മൂന്ന്:</u> മൗനം അവലംബിക്കപ്പെട്ടത് അഥവ മേൽ പറഞ്ഞ രണ്ടിനത്തിലും പെടാത്തത്. അവ നാം വിശ്വസിക്കുകയോ കളവാക്കുകയോ ചെയ്യാവതല്ല. മുമ്പു സൂചിപ്പിച്ച നിലക്ക് അവ ഉദ്ധരിക്കൽ അനുവദനീയമാണ്. അവയിൽ മിക്കതും മതപരമായ കാര്യത്തിൽ ഒരു ഉപകാരത്തിനും പറ്റാത്തവയാണ്. വേദക്കാരിലെ പണ്ഡിതന്മാർ ഇത്തരം കാര്യങ്ങളിൽ വളരെയധികം ഭിന്നിച്ചുപോയിട്ടുണ്ട്. ഗുഹാവാസികളുടെ പേരുകൾ, അവരുടെ നായയുടെ നിറം, അവരുടെ എണ്ണം, മൂസാ നബിയുടെ വടി ഏതുമരത്തിൽ നിന്നുള്ളതാണ്, ഇബ്റാഹീം നബിക്ക് അല്ലാഹു ജീവിപ്പിച്ചുകൊടുത്ത പക്ഷികളുടെ പേരുകൾ, കൊല്ലപ്പെട്ട വ്യക്തിയെ അടിക്കാൻ പശുവിൽ നിന്ന് എടുത്ത ശരീരഭാഗം, മൂസാ നബിയോട് അല്ലാഹു സംസാരിച്ച വൃക്ഷം ഏതിനത്തിൽപെട്ടതാണ് മുതലായ കാര്യങ്ങൾ. അവ നിർണ്ണയിക്കുന്നതുകൊണ്ട് മനുഷ്യർക്ക് ദീനിലോ ദുനിയാവിലോ ഒരു പ്രയോജനവും ലഭിക്കില്ല. ഖുർആൻ അവ്യക്തമാക്കി വിട്ട കാര്യങ്ങളാണവ. അത്തരം വിഷയങ്ങളിൽ ഖുർആൻ വ്യാഖ്യാതക്കളിലും ഭിന്നത കടന്നുവരാറുണ്ട്.

എന്നാൽ അത്തരം വിഷയങ്ങളിലുള്ള മുൻഗാമികളുടെ ഭിന്നത ഉദ്ധരിക്കുന്നത് അനുവദനീയമാണ്. അല്ലാഹു പറഞ്ഞു: "*അവരിൽ ചിലർ പറയും. മൂന്നുപേരും നാലാമത്തേത് നായയും. മറ്റുചിലർ പറയും: അഞ്ചുപേരും ആറമത്തേത് നായയും. അദൃശ്യകാര്യത്തെ കുറിച്ചുള്ള ഊഹം മാത്രമാണിതെല്ലാം. മറ്റു ചിലർ പറയും: ഏഴുപേരും എട്ടാമത്തേത് അവരുടെ നായയും പറയുക. അവരുടെ എണ്ണത്തെകുറിച്ച് എന്റെ റബ്ബാണ് സൂക്ഷ്മമായി അറിയുന്നവൻ. അവരിൽ കുറച്ചാളുകൾക്കു മാത്രമെ അവരെപ്പറ്റി അറിയുകയുള്ളു. അവരെ കുറിച്ച് ബാഹ്യമാത്രമായല്ലാതെ നീ സംവദിക്കരുത്. അവരിൽ ആരോടും അവരുടെ കാര്യത്തെ കുറിച്ച് നീ അഭിപ്രായം ആരായുകയും ചെയ്യരുത്.*" (അൽ കഹ്ഫ് 22)

### 3.2 യുക്തികൊണ്ടുള്ള വ്യാഖ്യാനം

﴿ قُلْ إِنَّمَا حَرَّمَ رَبِّيَ ٱلْفَوَٰحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَٱلْإِثْمَ وَٱلْبَغْيَ بِغَيْرِ ٱلْحَقِّ وَأَن تُشْرِكُوا۟ بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ سُلْطَٰنًا وَأَن تَقُولُوا۟ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿٣٣﴾ ﴾ الأعراف: ٣٣

"*പറയുക: എന്റെ റബ്ബ് നിഷിദ്ധമാക്കിയിട്ടുള്ളത്, പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളും അധർമ്മവും അന്യായമായ അതിക്രമങ്ങളും യാതൊരു രേഖയും അവൻ ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനിൽ പങ്ക് ചേർക്കുന്നതും നിങ്ങൾക്ക് രേഖയില്ലാത്ത കാര്യങ്ങൾ അല്ലാഹുവിന്റെ പേരിൽ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്.*" (അഅ്റാഫ് 33)

عن ابن عباس رضي الله عنه قال: قال رسول الله صلى الله عليه وسلم: من قال في القرآن بغير علم فليتبوأ مقعده من النار (الترمذي، أحمد)

ഇബ്നു അബ്ബാസ് رَضِيَ اللَّهُ عَنْهُവിൽ നിന്ന് നിവേദനം നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ പറഞ്ഞു: ഖുർആനിനെ കുറിച്ച് ആരെങ്കിലും പ്രാമാണിക രേഖയില്ലാതെ സംസാരിച്ചാൽ അവൻ നരകത്തിൽ തന്റെ ഇരിപ്പിടം തയ്യാറാക്കട്ടെ.

عن ابن عباس رضي الله عنه قال : قال رسول الله صلى الله عليه وسلم : اتقوا الحديث عني إلا ما علمتم، من كذب علي متعمدا فليتبوأ مقعده من النار، ومن قال في القرآن برأيه فليتبوأ مقعده من النار (الترمذي)

ഇബ്നു അബ്ബാസ് رَضِيَ اللَّهُ عَنْهُവിൽ നിന്ന് നിവേദനം. നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ പറഞ്ഞു: എന്നെ തൊട്ട് കൃത്യമായ രേഖയില്ലാതെ ഹദീസ് ഉദ്ധരിക്കുന്നത് നിങ്ങൾ സൂക്ഷിക്കുക. ആരെങ്കിലും എന്നെ കുറിച്ച് ബോധപൂർവ്വം കളവുപറഞ്ഞാൽ അവൻ നരകത്തിൽ തന്റെ ഇരിപ്പിടം തയ്യാറാക്കിക്കൊള്ളട്ടെ. ആരെങ്കിലും ഖുർആനിനെ സംബന്ധിച്ച് തന്റെ യുക്തിയനുസരിച്ച് സംസാരിച്ചാൽ അവൻ നരകത്തിൽ തന്റെ ഇരിപ്പിടം തയ്യാറാക്കട്ടെ.

عن جندب بن عبد الله قال: قال رسول الله صلى الله عليه وسلم: من قال في القرآن برأيه فأصاب فقد أخطأ (الترمذي)

ജുൻദുബ് ഇബ്നു അബ്ദില്ലാ رَضِيَ ٱللَّهُ عَنْهُൽ നിന്ന് നിവേദനം നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ പറഞ്ഞു: ആരെങ്കിലും ഖുർആനിൽ തന്റെ യുക്തിയനുസരിച്ച് സംസാരിച്ചിട്ട് അത് ശരിയായാൽ പോലും അയാൾക്ക് തെറ്റുപറ്റി.

മേൽ രിവായത്തുകളെല്ലാം നിരൂപക പണ്ഡിതന്മാർ ദുർബ്ബലമെന്ന് വിധിയെഴുതിയവാണ്. എങ്കിലും ഖുർആൻ വ്യാഖ്യാനത്തിന്റെ കാര്യത്തിൽ അവയിലെ ഉള്ളടക്കം ഒരു അംഗീകൃത തത്ത്വമായിട്ടാണ് സലഫുസ്സ്വാലിഹകളും അഹ്ലുസ്സുന്നത്തിന്റെ ഇമാമുകളും സ്വീകരിച്ചു പോന്നിട്ടുള്ളത്.

عن ابراهيم التيمي أن أبا بكر الصديق سئل عن قوله تعالى: وفاكهة وأبا، فقال: أي سماء تظلني، أي أرض تقلني إذا قلت في كتاب الله ما لا اعلم.....

عن أنس أن عمر بن الخطاب قرأ على المنبر: وفاكهة وأبا، فقال: هذه الفاكهة قد عرفناها فما الأب؟ ثم رجع إلى نفسه فقال: إن هذا لهو التكلف يا عمر....

عن ابن إبي مليكة أن ابن عباس سئل عن آية لو سئل عنها بعضكم لقال فيها، فأبى أن يقول فيها، إسناده صحيح...

عن ابن أبي مليكة قال: سأل رجل ابن عباس عن يوم كان مقداره الف سنة، فقال له ابن عباس: فما يوم كان مقداره خمسين ألف سنة ؟ فقال له الرجل: إنما سألتك لتحدثني، فقال ابن عباس: هما يومان ذكر هما الله في كتابه الله أعلم بهما، فكره أن يقول في كتاب الله ما لا يعلم. (ابن كثير)

ഇബ്റാഹീം അത്തെയ്മിയിൽ നിന്ന് നിവേദനം. (وفاكهة وأبا) എന്ന വചനത്തെ കുറിച്ച് അബൂബക്കർ رَضِيَ ٱللَّهُ عَنْهُവിനോട് ചോദിക്കപ്പെടുകയുണ്ടായി അപ്പോൾ അദ്ദേഹം പറഞ്ഞു: ഏതൊരാകാശമാണ് എനിക്ക് നിഴൽ നൽകുക. ഏതൊരു ഭൂമിയാണ് എന്നെ വഹിക്കുക, വ്യക്തമായ പ്രമാണരേഖയില്ലാതെ ഖുർആനിൽ വല്ലതും ഞാൻ പറഞ്ഞുപോയാൽ...

അനസ് رَضِيَ ٱللَّهُ عَنْهُവിൽ നിന്ന് നിവേദനം ഉമർ رَضِيَ ٱللَّهُ عَنْهُ മിമ്പറിൽ വെച്ച് (وفاكهة وأبا) എന്ന വചനം പാരായണം ചെയ്തു. ഇതിലെ فاكهة എന്താണെന്ന് നമുക്ക് അറിയാം. എന്നാൽ എന്താണ് أب ? പിന്നീട് അദ്ദേഹം വിണ്ടുവിചാരം നടത്തിയിട്ട് പറഞ്ഞു. ഉമറേ, ഇതു തന്നെയാണ് തകല്ലുഫ് (കൃത്രിമത്വം).....

ഇബ്നു അബീ മുലൈകയിൽ നിന്ന് നിവേദനം. ഇബ്നു അബ്ബാസ് رَضِيَ ٱللَّهُ عَنْهُനോട് ഒരു സൂക്തത്തെ കുറിച്ച് ചോദിക്കപ്പെടുകയുണ്ടായി. അതിനെ കുറിച്ച് നിങ്ങളോട് ആരോടെങ്കിലുമായിരുന്നു ചോദിക്കപ്പെട്ടിരുന്നതെങ്കിൽ അതിനെ കുറിച്ച് അവൻ എന്തെങ്കിലും പറയുക തന്നെ ചെയ്യുമായിരുന്നു. പക്ഷെ അദ്ദേഹം അതിനു വിസമ്മതിച്ചു. ഇതിന്റെ പരമ്പര സ്വഹീഹാണ്.

ഇബ്നു അബീ മുലൈകയിൽ നിന്ന് നിവേദനം. ഇബ്നു അബ്ബാസ് رَضِيَ ٱللَّهُ عَنْهُവിനോട് ആയിരം വർഷം വരുന്ന ഒരു ദിവസം അതെന്താണെന്ന് ഒരാൾ ചോദിച്ചു. അപ്പോൾ ഇബ്നു അബ്ബാസ് رَضِيَ ٱللَّهُ عَنْهُ

അദ്ദേഹത്തോട് പറഞ്ഞു അമ്പതിനായിരം വർഷം വരുന്ന ഒരു ദിവസം അതെന്താണ്? അപ്പോൾ അയാൾ പറഞ്ഞു: അതെന്താണെന്ന് എനിക്ക് പറഞ്ഞുതരാനാണ് ഞാൻ നിങ്ങളോട് ചോദിച്ചത്. അപ്പോൾ ഇബ്നു അബ്ബാസ് رَضِيَ اللَّهُ عَنْهُ പറഞ്ഞു: അവ രണ്ടു ദിവസങ്ങളാണ്. അവയെ കുറിച്ച് അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ പരാമർശിച്ചിരിക്കുന്നു. അവയെ കുറിച്ച് അല്ലാഹുവാണ് സൂക്ഷ്മമായി അറിയുന്നവൻ. അല്ലാഹുവിന്റെ ഗ്രന്ഥത്തെ കുറിച്ച് പ്രമാണരേഖയില്ലാതെ എന്തെങ്കിലും പറയുന്നത് വിലക്കപ്പെട്ടതായിട്ടാണ് അദ്ദേഹം കണ്ടത്. (ഇബ്നു കഥീർ)

عن إبراهيم قال: كان أصحابنا يتقون التفسير ويهابونه، وقال شعبة عن عبد الله بن أبي السفر قال: قال الشعبي : والله ما من آية إلا وقد سألت عنها، ولكنها الرواية عن الله عز وجل، وقال أبو عبيد حدثنا هشيم حدثنا عمرو بن أبي زائدة عن الشعبي عن مسروق قال: اتقوا التفسير فإنما هو الرواية عن الله فهذه الآثار الصحيحة وما شاكلها عن أئمة السلف محمولة على تحرجهم عن الكلام في التفسير بما لا علم لهم فيه، فأما من تكلم بما يعلم من ذلك لغة وشرعا فلا حرج عليه، ولهذا روي عن هؤلاء وغيرهم أقوال في التفسير ولا منافاة، لأنهم تكلموا فيما علموه، وسكتوا عما جهلوه، وهذا هو الواجب على كل أحد، فإنه كما يجب السكوت عما لا علم له به، فكذلك يجب القول فيما سئل عنه مما يعلمه لقوله تعالى: (لتبيننه للناس ولا تكتمونه) ولما جاء في الحديث الذي روي من طرق: من سئل عن علم فكتمه ألجم يوم القيامة بلجام من نار. (ابن كثير)

ഇബ്‌റാഹീം അൽ-നഖ്ഈ പറഞ്ഞു: നമ്മുടെ അസ്വ്ഹാബുകൾ ഖുർആൻ വ്യാഖ്യാനിക്കുന്നത് സൂക്ഷിക്കുകയും ഭയപ്പെടുകയും ചെയ്യുന്നവരായിരുന്നു. ഇമാം ശഅ്ബി പറഞ്ഞു: അല്ലാഹുവാണ സത്യം, ഏതൊരു ആയത്തിനെ കുറിച്ചും ഞാൻ അവരോട് ചോദിക്കാതിരുന്നിട്ടില്ല. പക്ഷെ, അത് അല്ലാഹുവിൽ നിന്നുള്ള നിവേദനമാണ്. മസ്റൂഖ് പറഞ്ഞു: നിങ്ങൾ ഖുർആൻ വ്യാഖ്യാനിക്കുന്നത് സൂക്ഷിക്കുക. അത് അല്ലാവിൽനിന്നുള്ള നിവേദനമാണ്....

സലഫുകളിൽ നിന്ന് ഉദ്ധരിക്കപ്പെട്ട മേൽ വചനങ്ങളും സമാനമായ മറ്റു ഉദ്ധരണികളും, പ്രമാണരേഖയില്ലാതെ ഖുർആൻ വ്യാഖ്യാനിക്കുന്നത് അവർ കുറ്റകരമായി കണ്ടിരുന്നു എന്നതിനുള്ള തെളിവാണ്. എന്നാൽ മതപരമോ ഭാഷാപരമോ ആയ കാര്യങ്ങളിൽ അവർക്ക് വ്യക്തമായി അറിയാവുന്ന കാര്യങ്ങൾ പറയുന്നത് കുറ്റകരമല്ല താനും. അതുകൊണ്ടാണ് അവരിൽ നിന്നും മറ്റുള്ളവരിൽ നിന്നും ഖുർആൻ വ്യാഖ്യാനത്തിൽ പലതും ഉദ്ധരിക്കപ്പെട്ടിട്ടുള്ളത്. അതിലൊട്ടും വൈരുദ്ധ്യമില്ല. കാരണം, അവർക്ക് അറിയാവുന്ന കാര്യങ്ങൾ അവർ പറഞ്ഞു. അറിയാത്ത കാര്യങ്ങളെ കുറിച്ച് മൗനം പാലിച്ചു. ഇതുതന്നെയാണ് ഏതൊരാളുടെയും കടമയും. പ്രമാണ രേഖയില്ലാത്ത കാര്യത്തിൽ മൗനം പാലിക്കൽ എപ്രകാരം നിർബ്ബന്ധമാണോ അപ്രകാരം തന്നെ അറിയാവുന്ന കാര്യത്തെ കുറിച്ച് ചോദിച്ചാൽ പറയലും നിർബ്ബന്ധമാണ്. കാരണം അല്ലാഹു പറയുന്നു: 'അവരത് ജനങ്ങൾക്ക് വ്യക്തമാക്കി കൊടുക്കുക തന്നെ വേണം, അവർക്കത് മറച്ചുപിടിക്കാവതല്ല'. പല സനദുകളിലൂടെയും ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഹദീസിലും ഇപ്രകാരം കാണാം. തനിക്കാറിയാവുന്ന

കാര്യത്തെ കുറിച്ച് ചോദിച്ചിട്ട് ഒരാളത് മറച്ചു പിടിക്കുന്ന പക്ഷം തീകൊണ്ടുള്ള ഒരു മൂക്കയർ അന്ത്യനാളിൽ അയാൾക്ക് അണിയിക്കപ്പെടും.

**4.0 ഇസ്‌ലാമിലെ അഭിപ്രായഭേദങ്ങളും അവയുടെ പൊതുസ്വഭാവവും**

ما يضطر إليه عموم الناس هو الأصول، ولا خلاف فيها، وأما الخلاف في التفاصيل فلا يوجب ريبا في جمهور المسائل، ومثاله: ما يحتاج إليه عامة الناس هو عمود النسب من الآباء والأبناء، والكلالة من الإخوة والأخوات، ومن نسائهم كالأزواج، فإن الله أنزل في الفرائض ثلاث آيات مفصلة، ذكر في الأولى الأصول والفروع، وذكر في الثانية الحاشية التي ترث بالفرض كالزوجين وولد الأم، وفي الثالثة الحاشية الوارثة بالتعصيب، وهم الإخوة لأبوين أو الأب... (مجموع فتاوى شيخ الإسلام)

സാമാന്യ ജനങ്ങൾക്ക് ആവശ്യമായി വരുന്നത് അടിസ്ഥാന വിഷയങ്ങളാണ്. അവയിൽ ഭിന്നതയില്ല. എന്നാൽ വിശദാംശങ്ങളിലുള്ള ഭിന്നത വിഷയങ്ങളുടെ സിംഹഭാഗത്തെ കുറിച്ച് യാതൊരു സംശയവും ജനിപ്പിക്കേണ്ടതില്ല. ഉദാഹരണമായി, ദായക്രമത്തിൽ സാമാന്യ ജനങ്ങൾക്ക് ആവശ്യമായി വരിക മാതാപിതാക്കളും സന്തതികളും അടങ്ങുന്ന കുടുംബ കാണ്ഡമാണ്. അതുപോലെ സഹോദരീ സഹോദരന്മാരുടെ ഭാര്യാ ഭർത്തക്കന്മാരും അടങ്ങുന്ന കലാലത്തിന്റെ അവസ്ഥയുമാണ്. അതിനാൽ ദായക്രമത്തെ കുറിച്ച് വിശദമായ മൂന്ന് സൂക്തങ്ങൾ അല്ലാഹു അവതരിപ്പിച്ചിട്ടുണ്ട്. ഒന്നാമത്തെതിൽ മാതാപിതാക്കളടങ്ങുന്ന മൂലബന്ധങ്ങളെ കുറിച്ച് പരാമർശിച്ചു. രണ്ടാമത്തെതിൽ നിശ്ചിത വിഹിതം അനന്തരമായി ലഭിക്കുന്ന ഭാര്യാഭർത്താക്കന്മാർ, ഉമ്മവഴിക്കുള്ള സഹോദരന്മാർ എന്നിങ്ങനെയുള്ള പരിവാരത്തെ കുറിച്ച് പറഞ്ഞു. മൂന്നാമത്തെതിൽ മറ്റു അവകാശികളില്ലാത്തപ്പോൾ ബാക്കി വരുന്നതെല്ലാം അനന്തരമെടുക്കുന്ന പരിവാരങ്ങളെ കുറിച്ച് പറഞ്ഞു. അവർ പൂർണ്ണ സഹോദരന്മാർ, പിതാവ് മാത്രമൊത്ത സഹോദരന്മാർ പോലുള്ളവരാണ്...

﴿ يُوصِيكُمُ ٱللَّهُ فِيٓ أَوۡلَٰدِكُمۡۖ لِلذَّكَرِ مِثۡلُ حَظِّ ٱلۡأُنثَيَيۡنِۚ فَإِن كُنَّ نِسَآءٗ فَوۡقَ ٱثۡنَتَيۡنِ فَلَهُنَّ ثُلُثَا مَا تَرَكَۖ وَإِن كَانَتۡ وَٰحِدَةٗ فَلَهَا ٱلنِّصۡفُۚ وَلِأَبَوَيۡهِ لِكُلِّ وَٰحِدٖ مِّنۡهُمَا ٱلسُّدُسُ مِمَّا تَرَكَ إِن كَانَ لَهُۥ وَلَدٞۚ فَإِن لَّمۡ يَكُن لَّهُۥ وَلَدٞ وَوَرِثَهُۥٓ أَبَوَاهُ فَلِأُمِّهِ ٱلثُّلُثُۚ فَإِن كَانَ لَهُۥٓ إِخۡوَةٞ فَلِأُمِّهِ ٱلسُّدُسُۚ مِنۢ بَعۡدِ وَصِيَّةٖ يُوصِي بِهَآ أَوۡ دَيۡنٍۗ ءَابَآؤُكُمۡ وَأَبۡنَآؤُكُمۡ لَا تَدۡرُونَ أَيُّهُمۡ أَقۡرَبُ لَكُمۡ نَفۡعٗاۚ فَرِيضَةٗ مِّنَ ٱللَّهِۗ إِنَّ ٱللَّهَ كَانَ عَلِيمًا حَكِيمٗا ١١ ﴾ النساء: ١١

*"നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്കു വസ്വിയ്യത്ത് നൽകുന്നു; ആണിന് രണ്ടു പെണ്ണിന്റേതിനു തുല്യമായ ഓഹരിയാണുള്ളതെന്ന്. ഇനി രണ്ടിലധികം പെണ്മക്കളാണുള്ളതെങ്കിൽ അനന്തര സ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗമാണ് അവർക്കുള്ളത്. ഒരു മകൾ മാത്രമാണുള്ളതെങ്കിൽ അവൾക്ക് പകുതി മാത്രമാണുള്ളത്. മരിച്ച ആൾക്കു സന്താനമുണ്ടെങ്കിൽ അയാളുടെ മാതാപിതാക്കളിൽ ഓരോരുത്തർക്കും അനന്തര സ്വത്തിന്റെ ആറിലൊന്നു വീതം*

*ഉണ്ടായിരിക്കുന്നതാണ്. ഇനി അയാൾക്കു സന്താനമില്ലാതരിക്കുകയും മാതാപിതാക്കൾ അയാളെ അനന്തരമെടുക്കുകയുമാണെങ്കിൽ അയാളുടെ മാതാവിന് മൂന്നിലൊരു ഭാഗം ഉണ്ടായിരിക്കുന്നതാണ്. ഇനി അയാൾക്കു സഹോദരങ്ങളുണ്ടായിരുന്നാൽ അയാളുടെ മാതാവിന് ആറിലൊന്നുണ്ടായിരിക്കും. മരിച്ചയാളുടെ വസ്വിയ്യത്തിനും കടമുണ്ടെങ്കിൽ അതിനും ശേഷമാണ് ഇതെല്ലാം. നിങ്ങളുടെ പിതാക്കളിലും നിങ്ങളുടെ മക്കളിലും ഉപകാരം കൊണ്ട് നിങ്ങളോട് ഏറ്റവും അടുത്തവർ ആരാണെന്ന് നിങ്ങൾക്കറിയില്ല. അല്ലാഹുവിന്റെ പക്കൽനിന്നുള്ള നിർണ്ണയമാണിത്, തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു."* (നിസാഅ് 11)

﴿ ۞ وَلَكُمْ نِصْفُ مَا تَرَكَ أَزْوَٰجُكُمْ إِن لَّمْ يَكُن لَّهُنَّ وَلَدٌ ۚ فَإِن كَانَ لَهُنَّ وَلَدٌ فَلَكُمُ ٱلرُّبُعُ مِمَّا
تَرَكْنَ ۚ مِنۢ بَعْدِ وَصِيَّةٍ يُوصِينَ بِهَآ أَوْ دَيْنٍ ۚ وَلَهُنَّ ٱلرُّبُعُ مِمَّا تَرَكْتُمْ إِن لَّمْ يَكُن لَّكُمْ وَلَدٌ ۚ فَإِن
كَانَ لَكُمْ وَلَدٌ فَلَهُنَّ ٱلثُّمُنُ مِمَّا تَرَكْتُم ۚ مِّنۢ بَعْدِ وَصِيَّةٍ تُوصُونَ بِهَآ أَوْ دَيْنٍ ۗ وَإِن كَانَ رَجُلٌ يُورَثُ
كَلَٰلَةً أَوِ ٱمْرَأَةٌ وَلَهُۥٓ أَخٌ أَوْ أُخْتٌ فَلِكُلِّ وَٰحِدٍ مِّنْهُمَا ٱلسُّدُسُ ۚ فَإِن كَانُوٓا۟ أَكْثَرَ مِن ذَٰلِكَ فَهُمْ شُرَكَآءُ فِى
ٱلثُّلُثِ ۚ مِنۢ بَعْدِ وَصِيَّةٍ يُوصَىٰ بِهَآ أَوْ دَيْنٍ غَيْرَ مُضَآرٍّ ۚ وَصِيَّةً مِّنَ ٱللَّهِ ۗ وَٱللَّهُ عَلِيمٌ حَلِيمٌ ﴿١٢﴾ ﴾ النساء: ١٢

*"നിങ്ങളുടെ ഭാര്യമാർക്ക് സന്താനമില്ലാത്ത പക്ഷം അവർ വിട്ടേച്ചുപോയ ധനത്തിന്റെ പകുതി നിങ്ങൾക്കാകുന്നു. ഇനി അവർക്ക് സന്താനമുണ്ടെങ്കിൽ അനന്തര സ്വത്തിന്റെ നാലിലൊന്ന് നിങ്ങൾക്കായിരിക്കും. അവർ ചെയ്യുന്ന വസ്വിയ്യത്തും കടമുണ്ടെങ്കിൽ അതും കഴിച്ചാണിത്. നിങ്ങൾക്ക് സന്താനമില്ലെങ്കിൽ നിങ്ങൾ വിട്ടേച്ചു പോകുന്ന ധനത്തിന്റെ നാലിലൊന്ന് അവർക്കുള്ളതാണ്. ഇനി നിങ്ങൾക്ക് സന്താനമുണ്ടെങ്കിൽ നിങ്ങൾ വിട്ടേച്ചു പോകുന്നതിന്റെ എട്ടിലൊന്ന് അവർക്കുള്ളതായിരിക്കും. നിങ്ങൾ ചെയ്യുന്ന വസ്വിയ്യത്തും കടബാധ്യതയും കഴിച്ചാണിത്. അനന്തരമെടുക്കപ്പെടുന്ന പുരുഷനോ സ്ത്രീയോ പിതാവും മക്കളുമില്ലാത്ത ആളായിരിക്കുകയും അയാൾക്ക് സഹോദരനോ സഹോദരിയോ ഉണ്ടായിരിക്കുകയും ചെയ്താൽ അവരിൽ ഓരോരുത്തർക്കും ആറിലൊന്ന് ലഭിക്കുന്നതാണ്. ഇനി അവർ അതിലധികം പേരുണ്ടെങ്കിൽ അവർ മൂന്നിലൊന്നിൽ സമാവകാശികളായിരിക്കും. ദ്രോഹകരമല്ലാത്ത വസ്വിയ്യത്തോ കടമോ ഉണ്ടെങ്കിൽ അതുകഴിച്ചാണിത്. അല്ലാഹുവിങ്കൽനിന്നുള്ള വസ്വിയ്യത്താണ് ഇത്. അല്ലാഹു സർവ്വജ്ഞനും വിവേകിയുമത്രെ."* (നിസാഅ് 12)

﴿ يَسْتَفْتُونَكَ قُلِ ٱللَّهُ يُفْتِيكُمْ فِى ٱلْكَلَٰلَةِ ۚ إِنِ ٱمْرُؤٌا۟ هَلَكَ لَيْسَ لَهُۥ وَلَدٌ وَلَهُۥٓ أُخْتٌ فَلَهَا نِصْفُ مَا تَرَكَ ۚ وَهُوَ يَرِثُهَآ إِن لَّمْ
يَكُن لَّهَا وَلَدٌ ۚ فَإِن كَانَتَا ٱثْنَتَيْنِ فَلَهُمَا ٱلثُّلُثَانِ مِمَّا تَرَكَ ۚ وَإِن كَانُوٓا۟ إِخْوَةً رِّجَالًا وَنِسَآءً فَلِلذَّكَرِ مِثْلُ حَظِّ ٱلْأُنثَيَيْنِ ۗ يُبَيِّنُ ٱللَّهُ
لَكُمْ أَن تَضِلُّوا۟ ۗ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌۢ ﴿١٧٦﴾ ﴾ النساء: ١٧٦

*"അവർ നിന്നോട് മതവിധി ചോദിക്കുന്നുവല്ലോ. പറയുക: കലാലത്തിന്റെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്കിതാ മതവിധി നൽകുന്നു. അതായത്, ഒരാൾ മരിച്ചു അയാൾക്ക് സന്താനമില്ല. ഒരു സഹോദരിയുണ്ട്. എങ്കിൽ അയാളുടെ അനന്തരസ്വത്തിന്റെ പാതി അവൾക്കുള്ളതാണ്. ഇനി സഹോദരി മരിക്കുകയും അവൾക്ക് സന്താനമില്ലാതിരിക്കുകയുമാണെങ്കിൽ സഹോദരൻ അവളെ പൂർണ്ണമായും അനന്തരമെടുക്കും. ഇനി, രണ്ട് സഹോദരികളുണ്ടെങ്കിൽ അയാളുടെ അനന്തരസ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗം അവർക്കുള്ളതാണ്. ഇനി സഹോദരന്മാരും സഹോദരിമാരും കൂടിയാണുള്ളതെങ്കിൽ ആണിന് രണ്ടു പെണ്ണിന്റേതിനു തുല്യമായ ഓഹരിയാണുള്ളത്. നിങ്ങൾ പിഴച്ചുപോകുമോ എന്നതിനാൽ അല്ലാഹു നിങ്ങൾക്ക് കാര്യങ്ങൾ വിവരിച്ചു തരികയാണ്. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു."* (നിസാഅ് 13)

ഈ മൂന്ന് സൂക്തങ്ങൾ കൊണ്ട് ദായക്രമത്തിലെ ഏതാണ്ടെല്ലാ വിഷയങ്ങളും ഭിന്നതയില്ലാതെ പരിഹരിക്കാൻ കഴിയും, ഇതാണ് ഒരു ശരാശരി മുസ്‌ലിമിന് ആവശ്യമായി വരുന്നതും. എന്നാൽ അനന്തര സ്വത്ത് വീതിക്കുമ്പോൾ വളരെ വിരളമായി മാത്രം സംഭവിക്കുന്ന ചില വിശദാംശങ്ങളിൽ അഭിപ്രായഭേദങ്ങളുണ്ടായിട്ടുണ്ട്. പ്രവാചക കാലഘട്ടത്തിൽ സംഭവിക്കാത്ത ചില കേസുകളിലാണ് അത്തരം അഭിപ്രായഭേദങ്ങളുണ്ടായത്. അത് സ്വഹാബികളുടെ കാലത്ത് തന്നെ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

### 4.1 ഖുർആൻ വ്യാഖ്യാനത്തിലെ മിക്ക ഭിന്നതകളും സാമാന്യ മുസ്ലിംകൾക്ക് ആവശ്യമില്ലാത്ത കാര്യങ്ങൾ

التفسير إما نقل مصدق أو استدلال محقق، والنقل إما صحيح أو ضعيف، المنقولات التي يحتاج إليها المسلم في دينه قد نصب الله الأدلة على بيان ما فيها من صحيح وضعيف، وأما اختلافهم في لون كلب أصحاب الكهف أو في البعض الذي ضرب به موسى من البقرة وهذا مما لا يحتاج إليه المسلمون، وهو من الفضوليات. (مجموع فتاوى شيخ الإسلام ابن تيمية)

ഖുർആൻ വ്യാഖ്യാനം ഒന്നുകിൽ വിശ്വസനീമായ റിപ്പോർട്ടായിരിക്കും. അല്ലെങ്കിൽ തെളിവുകളുടെ പിൻബലമുള്ള വസ്തുതകളായിരിക്കും. റിപ്പോർട്ടുകളിൽ വിശ്വസനീയവും ദുർബ്ബലവുമായവ ഉണ്ടാകും. ഒരു മുസ്‌ലിമിന് തന്റെ മതവിഷയങ്ങളിലെ റിപ്പോർട്ടുകളുടെ ശരിയും തെറ്റും മനസ്സിലാക്കാനാവശ്യമായ അടയാളങ്ങൾ അല്ലാഹു സ്ഥാപിച്ചു വെച്ചിരിക്കുന്നു. എന്നാൽ ഗുഹാവാസികളുടെ നായയുടെ നിറം, മൂസാ നബി عَلَيۡهِ ٱلصَّلَاةُ وَٱلسَّلَامُ കൊല്ലപ്പെട്ട ആളെ അടിക്കാൻ എടുത്ത പശുവിന്റെ ശരീരഭാഗം ഇത്യാദി വിഷയങ്ങൾ സാമാന്യ മുസ്ലിംകൾക്ക് ആവശ്യമില്ലാത്തവയാണ്. അവ അനാവശ്യങ്ങളുടെ കൂട്ടത്തിൽ പെട്ടതുമാണ്.

### 4.2 ഭിന്നതക്ക് ആഴവും പരപ്പും കൈവന്നത് പിൽക്കാല തലമുറകളിൽ

ولهذا كان النزاع بين الصحابة في تفسير القرآن قليلا جدا، وهو إن كان في التابعين أكثر منه في الصحابة فهم قليل بالنسبة إلى من بعدهم، وكلما كان العصر أشرف كان الاجتماع والائتلاف والعلم والبيان فيه أكثر (مجموع فتاوى ١٣/٣٣٢)

അതിനാൽ, സ്വാഹാബികൾക്കിടയിൽ ഖുർആൻ വ്യാഖ്യാനത്തിൽ വളരെ കുറച്ചു മാത്രമെ അഭിപ്രായഭേദങ്ങളുണ്ടായിട്ടുള്ളു. താബിഉകൾക്കിടയിൽ അവരെക്കാൾ അൽപം കൂടുതലാണെങ്കിലും അവർക്കുശേഷമുള്ള താബിഉത്താബിഉകളെ അപേക്ഷിച്ച് അവരുടെ ഭിന്നതയും തുലോം കുറവാണ്. കൂടുതൽ ശ്രേഷ്ഠകരമായ മുൻ കാലങ്ങളിലേക്ക് മടങ്ങുന്തോറും ഐക്യവും യോജിപ്പും അറിവും വിജ്ഞാനും വർദ്ധിക്കുകയാണ് ചെയ്യുന്നത്.

### 4.3 തഫ്സീറിലെ ഭിന്നത വിധിവിലക്കുകളിലുള്ളതിനെ അപേക്ഷിച്ച് തുഛം

الخلاف بين السلف في التفسير قليل، وخلافهم في الأحكام أكثر من خلافهم في التفسير (مجموع فتاوى ١٣/٣٣٣)

ഖുർആൻ വ്യാഖ്യാനത്തിൽ സലഫുകൾക്കിടയിൽ അഭിപ്രായഭേദങ്ങൾ കുറവാണ്. അവരുടെ അഭിപ്രായ വ്യത്യാസങ്ങൾ ഖുർആൻ വ്യാഖ്യാനത്തെ അപേക്ഷിച്ച് വിധിവിലക്കുകളിലാണ് കൂടുതൽ.

### 4.4 തഫ്സീറിലെ അഭിപ്രായഭേദങ്ങൾ അധികവും വൈരുദ്ധ്യാത്മകമല്ല, വൈവിധ്യാത്മകം

الخلاف بين السلف في التفسير قليل، وخلافهم في الأحكام أكثر من خلافهم في التفسير، وغالب ما يصح عنهم من الخلاف يرجع إلى اختلاف تنوع لا اختلاف تضاد. (مجموع فتاوى ١٣/٣٣٣)

ഖുർആൻ വ്യാഖ്യാനത്തിൽ സലഫുകൾക്കിടയിൽ അഭിപ്രായഭേദങ്ങൾ കുറവാണ്. അവരുടെ അഭിപ്രായ വ്യാത്യാസങ്ങൾ ഖുർആൻ വ്യാഖ്യാനത്തെ അപേക്ഷിച്ച് വിധിവിലക്കുകളിലാണ് കൂടുതൽ. അവരുടെ അഭിപ്രായഭേദങ്ങളധികവും വൈവിധ്യത്മകമാണ്, വൈരുദ്ധ്യാത്മകമല്ല താനും.

#### 4.4.1 ഒരേ വസ്തുതയെ അതിന്റെ വിവിധ വിശേഷണങ്ങൾ കൊണ്ട് വ്യാഖ്യാനിക്കുമ്പോഴുണ്ടാകുന്ന വൈവിധ്യങ്ങൾ

أولا: أن يكون المسمى واحدا، ويورد المفسرون بمعاني مختلفة لمسمى واحد؛ مثل أسماء الله من غفور ورحيم وعزيز.. إلخ، فإن الذات المسمى واحد، ولكن معناه مختلف، ومعرفة ما في الاسم من الصفة فلا بد من قدر زائد على تعيين المسمى. (انظر لزاما مجموع فتاوى شيخ الإسلام)

<u>ഒന്ന്:</u> എല്ലാവരും പറയുന്നത് ഒരേ വസ്തുതയായിരിക്കുക. അതേ വസ്തുതയെ കുറിച്ച് വ്യത്യസ്ത ആശയങ്ങൾ ഓരോ വ്യാഖ്യാതാവും കൊണ്ടുവരിക. ഉദാഹരണമായി, എല്ലാവരും ഉദ്ദേശിക്കുന്നത് അല്ലാഹുവിനെ തന്നെ. പക്ഷെ, ഓരോരുത്തരും അവനെ കുറിച്ച് വ്യവഹരിക്കാൻ غفور رحيم عزيز പോലുള്ള അവന്റെ വ്യത്യസ്ത നാമങ്ങൾ ഉപയോഗിക്കുക. ഇവിടെ പറയപ്പെടുന്ന കാര്യം ഒന്നുതന്നെയാണ്. വ്യത്യസ്ത അർത്ഥങ്ങളുള്ള വ്യവഹാര രൂപങ്ങളാണ് ഉപയോഗിച്ചതെന്ന് മാത്രം. ഓരോ നാമത്തിലും ഉൾക്കൊള്ളുന്ന വിശേഷണങ്ങൾ കൂടി അറിയുമ്പോൾ പറയപ്പെടുന്നത് ആരെകുറിച്ച് എന്നതിലുപരിയായ ഒരാശയവും കൂടി ലഭിക്കും.

﴿ وَمَنْ أَعْرَضَ عَن ذِكْرِى فَإِنَّ لَهُۥ مَعِيشَةً ضَنكًا ﴾ طه: ١٢٤ وكلمة الذكر مصدر، ويضاف إلى الفاعل وإلى المفعول، وحسب الأول كتاب الله، والثاني ما يقوله العبد من الأذكار. (انظر لزاما مجموع فتاوى شيخ الإسلام)

മറ്റൊരുദാഹരണം കാണുക: "*ആർ എന്റെ ദിക്റിൽനിന്ന് പിന്തിരിയുന്നുവോ അവന് ഇടുസ്സായ ജീവിതമാണുണ്ടായിരിക്കുക*" (ത്വാഹാ 124) ദിക്ർ എന്ന പദം ക്രിയാനാമമാണ്. അത് കർത്താവിലേക്കും കർമ്മപദത്തിലേക്കും ചേർക്കാവുന്നതാണ്. കർത്താവിലേക്കാകുമ്പോൾ അല്ലാഹുവിന്റെ ഗ്രന്ഥം എന്നതായിരിക്കും ഉദ്ദേശ്യം. കർമ്മത്തിലേക്കായിരിക്കുമ്പോൾ ഒരു അടിമ ഉരുവിടുന്ന അദ്കാറുകളായിരിക്കും ഉദ്ദേശം.

وكذلك الصراط المستقيم: القرآن، الإسلام ، السنة والجماعة، طريق العبودية، طاعة الله ورسوله، كل منهم أشار إلى مسمى واحد لكن بصفة مختلفة من صفاتها

അതുപോലെ തന്നെ الصراط المستقيم എന്നതിന് ഖുർആൻ, ഇസ്ലാം, അഹുലുസ്സുന്ന വൽ ജമാഅഃ അല്ലാഹുവിന്നുള്ള ആത്മാർപ്പണത്തിന്റെ പാത, അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ച് ജീവിക്കൽ എന്നെല്ലാം വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്. എല്ലാവരും ഒരേ വസ്തുതയിലേക്കാണ് ചൂണ്ടുന്നത്. പക്ഷെ, ആ വസ്തുതയുടെ വ്യത്യസ്ത വിശേഷണങ്ങൾ പറഞ്ഞുകൊണ്ടാണെന്നു മാത്രം.

**4.4.2 ഒരേ വർഗ്ഗത്തെ അതിലെ വിവിധ ഇനങ്ങൾ കൊണ്ട് വ്യാഖ്യാനിക്കുമ്പോഴുണ്ടാകുന്ന വൈവിധ്യങ്ങൾ**

ثانيا: أن يذكر بعض أنواع الاسم العام لا على سبيل الحد والحصر، ومثاله: ثُمَّ أَوْرَثْنَا ٱلْكِتَٰبَ ٱلَّذِينَ ٱصْطَفَيْنَا مِنْ عِبَادِنَا فَمِنْهُمْ ظَالِمٌ لِّنَفْسِهِۦ وَمِنْهُم مُّقْتَصِدٌ وَمِنْهُمْ سَابِقٌۢ بِٱلْخَيْرَٰتِ بِإِذْنِ ٱللَّهِ ذَٰلِكَ هُوَ ٱلْفَضْلُ ٱلْكَبِيرُ ﴿٣٢﴾ ﴾ فاطر: ٣٢

الظالم هو المضيع للواجبات والمنتهك للمحرمات، والمقتصد هو فاعل الواجبات وتارك الحرمات، والسابق من تقرب بالحسنات مع الواجبات، ثم إن كلا منهم يذكر في هذا نوعا من الطاعات كقولهم: السابق من صلى أول الوقت، والمقتصد من صلى في أثنائه، والظالم الذي يؤخر العصر إلى الاصفرار، وكقولهم الظالم هو الذي يمنع الزكاة ويأكل الربا، والمقتصد من يؤدي زكاته ولا يأكل الربا، والسابق من يحسن بالصدقة مع الزكاة (انظر لزاما مجموع فتاوى )

<u>രണ്ട്:</u> വിവിധ ഇനങ്ങൾ ഉൾക്കൊള്ളുന്ന ഒരു പൊതു പ്രയോഗത്തെ അനുവാചകർക്ക് മനസ്സിലാക്കി കൊടക്കുന്നതിനായി അതിലെ ചില ഇനങ്ങൾ പറഞ്ഞുകൊണ്ട് വ്യാഖ്യാനിക്കുക. ഉദാഹരണമായി : "*പിന്നീട് നമ്മുടെ ദാസന്മാരിൽ നിന്ന് നാം തെരഞ്ഞെടുത്തവർക്ക് നാം ഗ്രന്ഥം അവകാശപ്പെടുത്തികൊടുത്തു. അവരുടെ കൂട്ടത്തിൽ സ്വന്തത്തോട് അന്യായം ചെയ്തവരുണ്ട്.*

*മധ്യമനിലപാടുകാരും അവരിലുണ്ട്. അല്ലാഹുവിന്റെ അനുമതിയോടെ നന്മകളിൽ മുന്നേറുന്നവരും അവരിലുണ്ട്. അതുതന്നെയാണ് മഹത്തായ അനുഗ്രഹം.*'' (ഫാത്വിർ: 32)

ظالم എന്നാൽ ബാധ്യതകൾ നിറവേറ്റാത്തവനും വിലക്കുകൾ ലംഘിച്ചവനുമാണ്. مقتصد എന്നാൽ കടമകൾ നിറവേറ്റിയവനും വിലക്കുകളിൽനിന്ന് മാറിനിവനുമാണ്. سابق എന്നാൽ കടമകളുടെ കൂടെ മറ്റു പുണ്യങ്ങൾ കൂടി പ്രവർത്തിച്ചവനാണ്. പിന്നീട് ഒരോ വ്യാഖ്യാതാവും പുണ്യകർമ്മങ്ങളിൽപെട്ട ഓരോ ഇനം എടുത്തു പറഞ്ഞുകൊണ്ട് അതിനെ വ്യാഖ്യാനിക്കും. ഉദാഹരണമായി سابق എന്നാൽ നമസ്കാരം ആദ്യസമയത്ത് തന്നെ നിർവ്വഹിച്ചവൻ مقتصد എന്നാൽ അനുവദനീയമായ സമയപരധിക്കുള്ളിൽ നിർവ്വഹിച്ചവൻ, ظالم എന്നാൽ അസ്റിനെ സൂര്യൻ മഞ്ഞനിറമാകുന്ന സമയത്തേക്ക് പിന്തിപ്പിക്കുവൻ ഇങ്ങനെ വ്യാഖ്യാനിക്കും. അല്ലെങ്കിൽ ظالم എന്നാൽ സക്കാത്ത് നൽകാതിരിക്കുകയും പലിശ ഭക്ഷിക്കുകയും ചെയ്യുന്നവൻ, مقتصد എന്നാൽ സക്കാത്ത് നൽകുകയും പലിശ ഭക്ഷിക്കാതിരിക്കുകയും ചെയ്യുന്നവൻ, سابق എന്നാൽ സകാത്തിനു പുറമെ ദാനധർമ്മങ്ങൾ കൂടി നൽകുന്നവൻ എന്നു വ്യാഖ്യാനിക്കും. ഇതെല്ലാം ഒരു വർഗ്ഗനാമം വിശദീകരിക്കുബോൾ അത് മനസ്സിലാക്കി തരുന്നതിനു വേണ്ടി അതിലെ ചില ഇനങ്ങൾ പറഞ്ഞുകൊണ്ട് വ്യാഖ്യാനിക്കുന്ന രീതിയാണ്.

### 4.4.3 വിവിധ അർത്ഥങ്ങൾ നൽകാവുന്ന ശബ്ദത്തിന്റെ വ്യാഖ്യാനഭേദങ്ങൾ

ثالثا: احتمال اللفظ للأمرين لكونه مشتركا كلفظ القسورة في الآية: ﴿ فَرَّتْ مِن قَسْوَرَةٍ ۝٥١ ﴾ المدثر: ٥١

يراد به الرامي ويراد به الأسد، وكذاد كلمة العسعس في الآية: ﴿ وَٱلَّيْلِ إِذَا عَسْعَسَ ۝١٧ ﴾ التكوير: ١٧

يراد به إقبال الليل وإدباره ويراد به كل المعاني التي قالها السلف بسبب أنزلت مرتين؛ تارة بهذا وتارة بهذا، وإما لكون اللفظ مشتركا يجوز أن يراد به معنياه (انظر لزاما مجموع فتاوى شيخ الإسلام)

<u>മൂന്ന്:</u> ഒന്നിലധികം അർത്ഥങ്ങൾ ഉദ്ദേശിക്കാവുന്ന സംജ്ഞ. ഉദാഹരണമായി, മുദ്ദഥിർ അധ്യായത്തിലെ 51-ാമത് സൂക്തം: ''*അത് സിംഹത്തിൽ നിന്ന് ഓടി രക്ഷപ്പെട്ടിരിക്കുന്നു*''. ഇവിടെ പ്രയോഗിച്ചിരിക്കുന്ന قسورة എന്ന ശബ്ദം കൊണ്ട് സിംഹമെന്നോ വേട്ടക്കാരനെന്നോ ഉദ്ദേശിക്കാപ്പെടാവുന്നതാണ്. അതേപോലെ തക്വീർ അധ്യായത്തിലെ 17-ാമത് സൂക്തം ''*രാത്രി വന്നു ചേർന്നാൽ*'' ഇവിടെ പ്രയോഗിച്ചിരിക്കുന്ന عسعس എന്ന പദത്തിന് ആഗമനമെന്നും നിർഗ്ഗമനമെന്നും അർത്ഥമുണ്ട്. ഇത്തരം സന്ദർഭങ്ങളിലെല്ലാം സലഫുകൾ നൽകിയ എല്ലാ അർത്ഥങ്ങളും അവക്ക് നൽകാവുന്നതാണ്. ചിലപ്പോൾ ആ വചനം രണ്ടു തവണ അവതരിച്ചിരിക്കും. ഒരിക്കൽ ഈ അർത്ഥമനുസരിച്ചും മറ്റൊരിക്കൽ രണ്ടാമത്തെ അർത്ഥമനുസരിച്ചും. അല്ലെങ്കിൽ, ആ പദം രണ്ടർത്ഥങ്ങളും ഓരേ പോലെ ഉദ്ദേശിക്കാവുന്ന (مشترك) ആയ പദമായിരിക്കുകയും ചെയ്യാം.

### 4.4.4 അറബി ഭാഷാശൈലിയും ഉപസർഗ്ഗങ്ങളുടെ വ്യാഖ്യാനഭേദങ്ങളും

أسلوب العرب: تضمن معنى الفعل وتعديه بتعديته، مثلا:

﴿ قَالَ لَقَدْ ظَلَمَكَ بِسُؤَالِ نَعْجَتِكَ إِلَىٰ نِعَاجِهِۦ ﴾ ص: ٢٤

أي ضمها وجمعها إلى نعاجه، وكذلك: ﴿ وَإِن كَادُوا۟ لَيَفْتِنُونَكَ عَنِ ٱلَّذِىٓ أَوْحَيْنَآ إِلَيْكَ ﴾ الإسراء: ٧٣

أي يزيغونك ويصدونك عن، وكذلك: ﴿ وَنَصَرْنَٰهُ مِنَ ٱلْقَوْمِ ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِنَآ ۚ إِنَّهُمْ كَانُوا۟ قَوْمَ سَوْءٍ فَأَغْرَقْنَٰهُمْ أَجْمَعِينَ ﴿٧٧﴾ ﴾ الأنبياء: ٧٧

أي نصرناه وخلصناه ونجيناه من القوم، وكذلك: ﴿ عَيْنًا يَشْرَبُ بِهَا عِبَادُ ٱللَّهِ يُفَجِّرُونَهَا تَفْجِيرًا ﴿٦﴾ ﴾ الإنسان: ٦

أي يشرب ويروي بها.

<u>നാല്:</u> അറബി ഭാഷാശൈലിയിൽ ക്രിയാപാദം കളഞ്ഞ് ഉപസർഗാവ്യയം കൊണ്ട് അതിനെ ധ്വനിപ്പിക്കുന്ന രീതിയുണ്ട്. ഉദാഹരണമായി, "*അദ്ദേഹം പറഞ്ഞു: അവന്റെ പെണ്ണാടുകളുടെ കൂട്ടത്തിലേക്ക് നിന്റെ പെണ്ണാടുകളെ കൂടി ആവശ്യപ്പെട്ടതു മുഖേന അവൻ നിന്നോട് അനീതി കാണിക്കുക തന്നെ ചെയ്തിരിക്കുന്നു.*" (സ്വാദ് 24)

ഇവിടെ إلى എന്ന ഉപസർഗാവ്യയം കളഞ്ഞുപോയ 'കൂട്ടിച്ചേർക്കുക, ഒരുമിച്ചുകൂട്ടുക' എന്ന അർത്ഥത്തിലുള്ള ഒരു ക്രിയയെ ധ്വനിപ്പിക്കുന്നു.

അതേപോലെ, "*നിനക്ക് നാം ബോധനം നൽകിയതിൽനിന്ന് നിന്നെ അവർ കുഴപ്പത്തിൽ അകപ്പെടുത്താറായിരിക്കുന്നു....*" (ഇസ്റാഅ് 73) ഇവിടെ عن എന്ന ഉപസർഗാവ്യയം 'തടയുക, വഴിപിഴപ്പിക്കുക' എന്നർത്ഥത്തിലുള്ളു കളഞ്ഞുപോയ ഒരു ക്രിയയെയാണ് ധ്വനിപ്പിക്കുന്നുത്.

അതേപോലെ, "*നമ്മുടെ വചനങ്ങൾ കളവാക്കിയ ജനതയിൽ നിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തി. തീർച്ചയായും അവർ ദുഷിച്ച ജനതയായിരുന്നു. അവരെ ഒന്നടങ്കം നാം മുക്കി നശിപ്പിച്ചു.*" (അമ്പിയാഅ് 77)

ഇവിടെ من എന്ന ഉപസർഗം 'രക്ഷപ്പെടുത്തി' എന്നർത്ഥത്തിലുള്ള കളഞ്ഞുപോയ ഒരു ക്രിയയെയാണ് ധ്വനിപ്പിക്കുന്നത്.

അതേപോലെ, "*അല്ലാഹുവിന്റെ ദാസന്മാർ കുടിക്കുന്ന ഒരു ഉറവുവെള്ളമത്രെ അത്. അവരത് പൊട്ടിച്ചൊഴുക്കിക്കൊണ്ടിരിക്കും*" (ഇൻസാൻ 6) ഇവിടെ ب എന്ന ഉപസർഗം 'ദാഹം തീർക്കുക' എന്നർത്ഥത്തിലുള്ള കളഞ്ഞുപോയ ഒരു ക്രയയെയാണ് ധ്വനിപ്പിക്കുന്നത്.

### 4.4.5 സൂക്ഷ്മതല വ്യാഖ്യാനങ്ങൾ

لطائف: ذلك الكتاب أي هذا القرآن ، الكتاب مكتوب ومضموم بجهة البعد والغيبة، والقرآن مقروء مظهر باد بجهة القريب.

<u>സൂക്ഷ്മതല വ്യാഖ്യാനങ്ങൾ:</u> ذلك الكتاب ആ ഗ്രന്ഥം എന്നതിന് വ്യാഖ്യാതാക്കൾ ഈ ഖുർആൻ എന്ന് വ്യാഖ്യാനിക്കുന്നത് കാണാം. കിതാബ് എന്നാൽ ലിഖിതമാക്കി അടച്ചുവെച്ചത് എന്നർത്ഥം. അപ്പോൾ അത് അസാന്നിധ്യത്തെയും വിദൂരസ്ഥതയെയുമാണ് സൂചിപ്പിക്കുന്നത്. ഖുർആൻ എന്നതിന്റെ അർത്ഥം പാരായണം ചെയ്യാവുന്നത്, പ്രകടവും പ്രത്യക്ഷവുമായത് എന്നൊക്കെയാണ്. അത് സാമീപ്യത്തെയാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ടാണ് ആ ഗ്രന്ഥമെന്നും ഈ ഖുർആൻ എന്നും പറയുന്നത്.

| നമ്പർ | വിഷയം | പേജ് |
|---|---|---|
| 1.1 | ഖുർആനിനെ കുറിച്ച് ഒരു മുസ്‌ലിം വിശ്വസിക്കേണ്ടത് | 1 |
| 1.2 | ഖുർആൻ മനുഷ്യരാശിക്ക് അനുപേക്ഷ്യം | 1 |
| 1.3 | ഖുർആനിന്റെ പദങ്ങളും ആശയങ്ങളും അല്ലാഹു പഠിപ്പിച്ചത് | 3 |
| 1.4 | ഖുർആൻ ജനങ്ങൾക്ക് എത്തിക്കേണ്ട ബാധ്യത നബി صَلَّى اللَّهُ عَلَيْهِ وَسَلَّمَ യുടെത് | 3 |
| 1.5 | മനുഷ്യരാശിയുടെ ബാധ്യത വഹ്‌യിനുള്ള പൂർണ്ണ വിധേയത്വം | 3 |
| 1.6 | ഖുർആൻ ഗ്രഹിക്കുകയും ചിന്തിക്കുകയും ചെയ്താലല്ലാതെ വഹ്‌യിന് പൂർണ്ണമായി കീഴ്പ്പെടുക സാധ്യമല്ല | 3 |
| 2.1 | തഫ്സീർ ഖുർആനികാശയങ്ങൾ ഗ്രഹിക്കാൻ | 4 |
| 2.2 | തഫ്സീർ ഖുർആനിന്റെ കൃത്യമായ പുനരാവിഷ്കരണമല്ല മറിച്ച്, ഖുർആനികാശയങ്ങളെ അനുവാചകരിലേക്ക് അടുപ്പിക്കാനുള്ള മാർഗ്ഗമാണ് | 5 |
| 2.3 | ഖുർആൻ വ്യാഖ്യാനത്തിലെ വിവിധ ഇനങ്ങൾ | 5 |
| 2.4 | അവതരണ കാരണങ്ങളും പശ്ചാത്തലങ്ങളും | 6 |
| 2.5 | നാസിഖ് മൻസൂഖിന്റെ പ്രാധാന്യം | 6 |
| 2.6 | നസ്ഖ്: ആധുനികരുടെയും പൗരാണികരുടെയും വീക്ഷണത്തിൽ | 7 |
| 2.7 | ഏറ്റവും ശരിയായ ഖുർആൻ വ്യാഖ്യാന രീതികൾ | 8 |
| 2.7.1 | ഖുർആനിനെ ഖുർആൻ കൊണ്ട് വ്യാഖ്യാനിക്കൽ | 9 |
| 2.7.1.1 | സാമാന്യം, സവിശേഷം | 9 |
| 2.7.1.2 | സോപാധികം, നിരുപാധികം | 9 |
| 2.7.1.3 | സംക്ഷേപം, വിശദാംശം | 10 |
| 2.7.2 | ഖുർആനിനെ സുന്നത്തുകൊണ്ട് വ്യാഖ്യാനിക്കൽ | 11 |
| 2.7.2.1 | ഖുർആനും സുന്നത്തും വേർപിരിക്കാൻ പാടില്ല | 12 |
| 2.7.2.2 | യുക്തിയെ കുറിച്ചുള്ള മുആദ് رَضِيَ اللَّهُ عَنْهُ വിന്റെ ഹദീസിലെ തകരാറുകൾ | 13 |
| 2.7.2.3 | മുർസലായ റിപ്പോർട്ടുകളും ഖുർആൻ വ്യാഖ്യാനത്തിൽ അവയുടെ പങ്കും | 15 |
| 2.7.2.4 | ഹദീസിലെ കെടുതികൾ (علم علل الحديث) | 18 |
| 2.7.3 | സ്വഹാബികളുടെ വചനങ്ങൾ | 19 |
| 2.7.3.1 | സ്വഹാബത്തിലെ പ്രമുഖ വ്യാഖ്യാതാക്കൾ | 20 |
| 2.7.4 | താബിഉകളുടെ വചനങ്ങൾ | 21 |
| 2.7.5 | താബിഉകൾ ഭിന്നിച്ചാൽ | 22 |
| 3.0 | തെറ്റായ വ്യാഖ്യാന രീതികൾ | 22 |
| 3.1 | വേദക്കാരുടെ ഉദ്ധരണികൾകൊണ്ടുള്ള വ്യാഖ്യാനം | 22 |
| 3.2 | യുക്തികൊണ്ടുള്ള വ്യാഖ്യാനം | 25 |
| 4.0 | ഇസ്‌ലാമിലെ അഭിപ്രായഭേദങ്ങളും അവയുടെ പൊതുസ്വഭാവവും | 28 |
| 4.1 | ഖുർആൻ വ്യാഖ്യാനത്തിലെ മിക്ക ഭിന്നതകളും സാമാന്യ മുസ്‌ലിംകൾക്കാവശ്യമില്ലാത്ത കാര്യങ്ങൾ | 30 |

| | | |
|---|---|---|
| 4.2 | ഭിന്നതക്ക് ആഴവും പരപ്പും കൈവന്നത് പിൽക്കാല തലമുറകളിൽ | 30 |
| 4.3 | തഫ്സീറിലെ ഭിന്നത വിധിവിലക്കുകളിലുള്ളതിനെ അപേക്ഷിച്ച് വിരളം | 31 |
| 4.4 | തഫ്സീറിലെ അഭിപ്രായഭേദങ്ങൾ അധികവും വൈരുദ്ധ്യാത്മകമല്ല, വൈവിധ്യാത്മകം | 31 |
| 4.4.1 | ഒരേ വസ്തുതയെ അതിന്റെ വിവിധ വിശേഷണങ്ങൾ കൊണ്ട് വ്യാഖ്യാനിക്കുമ്പോഴുണ്ടാകുന്ന വൈവിധ്യങ്ങൾ | 31 |
| 4.4.2 | ഒരേ വർഗ്ഗത്തെ അതിലെ വിവിധ ഇനങ്ങൾകൊണ്ട് വ്യാഖ്യാനിക്കുമ്പോഴുണ്ടാകുന്ന വൈവിധ്യങ്ങൾ | 32 |
| 4.4.3 | വിവിധ അർത്ഥങ്ങൾ നൽകാവുന്ന ശബ്ദത്തിന്റെ വ്യാഖ്യാനഭേദങ്ങൾ | 33 |
| 4.4.4 | അറബി ഭാഷാശൈലിയും ഉപസർഗ്ഗങ്ങളുടെ വ്യാഖ്യാന വൈവിധ്യങ്ങളും | 34 |
| 4.4.5 | സൂക്ഷ്മതല വ്യാഖ്യാന വൈവിധ്യങ്ങൾ | 35 |